For Private Circulation Only

January 2023

ആഗമനാത്മാവ്

Vol.70

" നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ ..... പരിശുദ്ധാത്മാവു ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്നു അവർ പറഞ്ഞു" (അ.പ്ര 19:2)

No.1

ഒരു പരിശുദ്ധാത്മാവിന്റെ ഉണർവ്വിന്റെ ആവശ്യകത

By L.L.Legters

പരിശുദ്ധാത്മാവിന്റെ പ്രവർത്തിയാൽ ഉള്ള ഉണർവ്വിന്റെ വളർച്ച മണിക്കൂറുകൾ തോറും ആവശ്യം ആയിരിക്കുന്നു. ഇപ്പോൾ ആവശ്യം ആയിരിക്കുന്ന ഒരു ഉണർവ്വ് മനുഷ്യന്റെ പ്രവർത്തിയാലോ അല്ലെങ്കിൽ പദ്ധതികളാലോ ഒന്നുമല്ല, എന്നാൽ പരിശുദ്ധാത്മാവ് തന്നേ ഇവിടെ ഭൂമിയിലെ ക്രിസ്തുവിന്റെ ശരീരത്തിനായിട്ട് പ്രവർത്തിക്കുന്ന ഉണർവ്വ് പെന്തെക്കോസ്തു ദിനത്തിൽ സംഭവിച്ചതുപോലെ ഉള്ളതായിരിക്കേണം, എവിടെയാണോ പുരുഷൻമാരും സ്ത്രീകളും ഒരു പോലെ പരിശുദ്ധാത്മാവിനാൽ വാസ്തമായിട്ടു നിറയപ്പെട്ടത്; ഒരു ഉണർവ്വ് വിശ്വാസിയുടെ ജീവിതത്തിൽ മൂന്നിരട്ടിയായ പെന്തെക്കാസ്തിന്റെ അനുഗ്രഹങ്ങൾ, ഒരു അല്പം അല്ല, ഭൂമിയിലെ മുഴുവൻ ക്രിസ്തുവിന്റെ ശരീരത്തിലും പകർന്നതു.

പെന്തക്കോസ്തിൽ, ഓരോരുത്തരും നിറയപ്പെട്ടതുപോലെ, ജീവനുള്ള യേശുക്രിസ്തവിന്റെ ഒരു പുതിയ പരിജ്ഞാനവും അതുപോലെ ധാരണയുടെയും ശരിയായിട്ടുള്ള അനുഗ്രഹം ആയിരുന്നു ഓരോരുത്തരിലും ഉണ്ടായിരുന്നത്. അവർ ജീവിച്ചും, അവർ പ്രവർത്തിച്ചും, അതുപോലെ തന്നേ അവരുടെ ജീവനുള്ള കർത്താവിന്റെ സാന്നിദ്ധ്യത്തിലും ശക്തിയിലും അവർ നടന്നത്. വചനത്തെക്കുറിച്ച് ഓരോരുത്തർക്കും പൂർണ്ണമായ ഒരു പുതിയ മനസ്സിലാക്കൽ ഉണ്ടായിരുന്നു. അവരുടെ ഉള്ളിൽ ഇത് ആളികത്തിക്കൊണ്ടിരുന്ന ആഗ്രഹം ആയിരുന്നു മറ്റുള്ളവരോട് അത് പങ്കുവയ്ക്കുക എന്നതും, ഈ ലോകത്തിൽ രക്ഷകനെ കുറിച്ചും വചനത്തെയും കുറിച്ചുള്ള അവരുടെ പുതിയ അറിവ്.

അവസാനത്തിൽ, അവർക്ക് പുതിയ ഒരു മനസ്സിലാക്കലും അതുപോലെ തന്നേ പരസ്പരം ഉള്ള അനുമോദനവും ഉണ്ടായിരുന്നു. അവർക്ക് മനസ്സിലായി ഓരോരുത്തരും മറ്റുള്ളവരിൽ പൂർണ്ണമായിട്ട് ആശ്രയിക്കപ്പെട്ടിരിക്കുന്നു എന്നും, അതുപോലെ നഷ്ടപ്പെട്ടവരും അല്ലെങ്കിൽ നേടിയവരും അവരെല്ലാവരും മറ്റുള്ളവർക്കു വേണ്ടി നേടിയെന്നും മറ്റുള്ളവർക്ക് വേണ്ടി നഷ്ടപ്പെട്ടുവെന്നും. അവർ കണ്ടെത്തി കർത്താവായ യേശുവിൽ അവരെല്ലാവരും ഒന്നാണെന്ന്. ഇതൊക്കെയാണ് പെന്തെക്കോസ്തിന്റെ സമയത്ത് നിലനിന്നിരുന്നതും അവസാന നാളുകളായി ഇന്നും വളരെ അത്യന്താപേക്ഷിതമായിട്ട് ആവശ്യമായിരിക്കുന്നതുമായ ഒരു കാര്യവും ഇത് തന്നെ. പരിശുദ്ധാത്മാവിൽ നിറയപ്പെട്ടവരുടെ ജീവിതത്തിൽ ഇതൊക്കെയായിരുന്നു വന്നുഭവിച്ചത്.

ഓരോ ദൈവപൈതലും തീർച്ചയായിട്ടും " അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി " (എഫെ. 3:16,17). ഇതിന്റെ അർത്ഥം ഒരു ആത്മാവു നിറയപ്പെട്ട ജീവിതം, ഇവിടെയോ അവിടെയോ ഉള്ള ഒരുവനുവേണ്ടി അല്ല, പ്രത്യുത ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അംഗത്തിനു വേണ്ടിയുമാണ്.

അനേകം ക്രിസ്ത്യാനികളും ക്രൂശിലെ രക്ഷകനിലേക്കു ആണ് പുറകോട്ട് തിരിഞ്ഞ് നോക്കുന്നത്, ഒരിക്കലും ഒരു ജീവിക്കുന്നവനെയോ, വാഴുന്ന ക്രിസ്തുവിനെയോ അല്ല. ക്രിസ്തുയേശു ഒരു ജീവിക്കുന്ന യാഥാർത്ഥ ദൈവമായിട്ടു ഇന്നത്തെ വളരെ ആളുകളിലും ഇല്ല. പെന്തെക്കോസ്തിലും അതിനുശേഷവും, അവർ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കേണ്ടതു ആവശ്യം ആയിരുന്നു, എന്നാൽ അതോടൊപ്പം ജീവിക്കുന്ന ഉയിർത്തെഴുന്നേറ്റ മഹത്വപ്പെട്ട; ഇന്നും അത്ഭുതം പ്രവർത്തിക്കുന്നവൻ; നാളെ മടങ്ങിവരുന്ന ഒരു രാജാവ്, ഒരു ജീവനുള്ള ന്യായാധിപതിയുടെ മുമ്പാകെയാണ് ഇന്നത്തെ ലോകം, തീർച്ചയായിട്ടും നില്ക്കേണ്ടത്നമുക്ക് ആവശ്യം ആയിരിക്കുന്നത് ഒരു പരിശുദ്ധാത്മാവിൽ ഉണർ വ്വ് പ്രാപിച്ച ഒരു ക്രിസ്ത്യൻ സമൂഹത്തെയും അവർ അറിയുന്ന ഒരു ജീവനുള്ള ക്രിസ്തുവിനെയും അതിൽ കൂടി ലോകത്തിന് ബോദ്ധ്യം ആയിരിക്കേണ്ട " വചനത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചുമാണ് " (യോഹ. 16:8).

നമ്മുടെ നേതൃത്വം പദ്ധതി ഇട്ടിരിക്കുന്നത് ഒരു തളർവാതം പിടിച്ച സഭയ്ക്കായിട്ടു പ്രവർത്തിക്കുന്നതിനായിട്ടാകുന്നു. പരിശുദ്ധാത്മാവിനു മാത്രം പ്രവർത്തിക്കുവാൻ കഴിയുന്ന കാര്യപരിപാടികൾക്കും അതുപോലെ നിയമനിർമ്മാണവും നടപ്പിൽ വരുത്തുവാൻ ആണ് അവർ പ്രത്യാശിക്കുന്നതും. സദാചാരത്തിനിരയായവർക്ക് നിയമനിർമ്മാണം നടത്തുവാൻ സാധ്യമല്ല. അതുപോലെ പദ്ധതി ഇടുന്ന കാര്യപരിപാടികൾക്ക് യാതൊരു ശക്തിയും സൃഷ്ടിക്കുവാൻ സാധിക്കുകയില്ല. " ബലം ദൈവത്തിനുള്ളതെന്നു ദൈവം ഒരിക്കൽ അരുളിചെയ്തു" (സങ്കീ. 62:11). " എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" (അ.പ്പോ. 1:8) ഇന്നത്തെ സഭ ശക്തിയില്ലാത്ത സഭയാണ്. നമുക്ക് പരിശുദ്ധാത്മാവിന്റെ ഉണർവ്വ് ആവശ്യമാണ്!

അങ്ങനെയുള്ള ഒരു ഉണർവ്വ് ദൈവത്തിന്റെ ഹിതം ആണ് ഇന്ന് സംഭവിക്കണമെന്നുള്ളത്. ഇത് ദൈവത്തിന്റെ കല്പനയാണ്. ആത്മാവു നിറഞ്ഞവരായി...(എഫെ. 5:18).

(ശേഷം 2-ാം പേജിൽ)

ഉണർവ്വിന്റെ താക്കോൽ

By Rich Carmicheal

ഈ പ്രാവശ്യത്തെ ആഗമന ദൂതനിൽ നാം പ്രതിപാദിച്ചിരിക്കുന്ന വിഷയം എന്നത് നമുക്ക് ഉണർവ്വിനായിട്ടു ഉണ്ടായിരിക്കേണ്ട പ്രതീക്ഷയും അതുപോലെ ഇത് സംഭവിക്കേണ്ടതിന്റെ വളരെ വിട്ടു വീഴ്ച ഇല്ലാത്ത ആവശ്യവും ആണ്. നാം ദൈവമക്കൾ ആയിരിക്കുമ്പോൾ ഒരു ഉണർവ്വിനായിട്ടു ദൈവത്തെ അന്വേഷിക്കേണ്ടിയും ഇരിക്കുന്നു എന്നുള്ളതിനെക്കുറിച്ചാണ്. ചില പ്രിയപ്പെട്ടവർ വിശ്വസിക്കുന്നത് സാഹചര്യം അത് വളരെ ദാരുണമായതും അതുപോലെ സമയം വളരെ കുറവുമാണ്. കർത്താവിന് മറ്റൊരു ഉണർവ്വ് അയയ്ക്കുവാൻ, എന്നാൽ ഇതൊക്കെയാണ് വലിയ കാരണങ്ങൾ. കർത്താവിൽ വിശ്വസിക്കുവാനും അധികമായ അവസാനത്തെ ഒരു നിറഞ്ഞുകവിയുന്ന ഒഴുക്കിനെ പകരുന്നതിനും ക്രിസ്തുവിന്റെ മടങ്ങിവരവിനു മുമ്പെ അവിടുന്ന് ആഗ്രഹിക്കുന്നു. അനേകം ഹൃദയങ്ങളെ ഉണർത്തുകയാണ് ഈ അവസാന നാളുകളിൽ! അതുപോലെ യഥാർത്ഥ്യം ഇതാകുന്നു; കർത്താവിന് എടുത്ത് പറയത്തക്കതായ പ്രവൃത്തികൾ ദേശത്ത് പ്രവർത്തിക്കുവാൻ കഴിയും. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നേ, സാഹചര്യങ്ങൾ എത്ര മോശമായിരുന്നാലും യാതൊരു പ്രശ്നവും ഇല്ല, അവിടുത്തെ ജനങ്ങൾ വിനയവും എളിയമയും ഉള്ളവരായി തീർന്നാൽ, പ്രാർത്ഥിക്കുകയും അവിടുത്തെ മുഖം അന്വേഷിക്കുകയും ചെയ്യുമെങ്കിൽ അവരുടെ പാപവഴികളിൽ നിന്ന് മാറി മാനസാന്തരപ്പെടുന്നുവെങ്കിൽ (2കൊരി. 7:13,14).

1904 – 1905 കാലഘട്ടങ്ങളിൽ വെയിൽസ് ദേശത്തുണ്ടായ വലിയ ഉണർവ്വിന്റെ മാതൃക ഒന്നു കാണുക. ഉണർവ്വ് പൊട്ടി പുറപ്പെടുന്നതിനു മുമ്പെ രാജ്യം മുഴുവൻ ഒരു വലിയ ആത്മീകവും അതുപോലെ ധാർമ്മികവും ആയ അന്ധകാരത്തിൽ നിറയപ്പെട്ടിരുന്നു. എന്നാൽ ഇതിന്റെ എല്ലാം മദ്ധ്യേ ദൈവജനങ്ങൾ അവർ അവരെത്തന്നെ വിനയപ്പെടുത്തിയും, പ്രാർത്ഥിച്ചും, ദൈവത്തിന്റെ മുഖത്തെ അന്വേഷിക്കുകയും അതുപോലെ അവരുടെ പാപങ്ങളിൽ നിന്നു മനം തിരിയുകയും ചെയ്തു. അതിന്റെ പരിണിതഫലങ്ങളോ? ആദ്യത്തെ ആറ് മാസത്തിനുള്ളിൽ തന്നേ ദൈവം ഏകദേശം ഒരു ലക്ഷത്തോളം പ്രിയപ്പെട്ടവരെ മാനസാന്തരപ്പെടുത്തുകയും അതുപോലെ അതിന്റെ സ്വാധീനം മുന്നോട്ടുള്ള അനേകം നാളുകളിൽ ആത്മീകവും ധാർമ്മികവും ആയ മണ്ഡലങ്ങളിലും പിൻതുടരുകയും ചെയ്തു രാജ്യം മുഴുവൻ.

യു.എസ്-ൽ സംഭവിക്കപ്പെട്ട ഉണർവ്വ് 1857 – 1859 കാലഘട്ടങ്ങളിലേയും ഒന്നു ശ്രദ്ധിക്കേണ്ടിയിരിക്കുന്നു . ഈ ഉണർവ്വ് സംഭവിക്കപ്പെട്ടത് ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെട്ട ഒരു കൂട്ടം മദ്ധ്യസ്ഥ പ്രാർത്ഥനക്കാരാലാണ്, ആതിന്റെ അവസാന സമയം ആയപ്പോഴേയേക്കും രണ്ട് ദശലക്ഷത്തോളം ആളുകൾ മാനസാന്തരപ്പെടുകയും അതുപോലെ രാജ്യവ്യാപകമായ ഒരു ധർമ്മികമായ മാറ്റത്തിലേക്ക് ഇത് വഴിതെളിയിയിക്കുകയും ചെയ്തു.

നമ്മുടെ ഈ ദിനങ്ങളിൽ കർത്താവിന് ഇതുപോലെ ഒന്ന് വീണ്ടും ചെയ്യുവാൻ കഴിയുമോ? അതിനു യാതൊരു സംശയവും വേണ്ട തീർച്ചയായിട്ടും അവിടുന്ന് അത് പ്രവർത്തിക്കുവാൻ ശക്തവും അതുപോലെ തന്നേ അതു തന്നെയാണ് അവിടുന്നുള്ള ആഗ്രഹവും. എന്നാൽ കൂടുതലായിട്ടുള്ള സമ്മർദ്ദമേറിയ ചോദ്യം ഇത് ആകുന്നു, നമ്മൾ പ്രവർത്തിക്കുമോ, അതേ ദൈവജനം അവിടുത്തെ **ഉണർവ്വിന്റെ താക്കോൽ** മുഖത്തെ പൂർണ്ണഹൃദയത്തോ

(ശേഷം 8-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

വീണ്ടും വരുന്നവനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എല്ലാ ആഗമന ദൂതൻ വായനക്കാർക്കും സ്നേഹ വന്ദനം.

“ സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക, യെരുശേലം പുത്രിയേ ആർപ്പിടുക; ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു. അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കൂട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു. ഞാൻ എഫ്രയീമിൽ നിന്നു രഥത്തെയും യെരുശലേമിൽ നിന്നു കുതിരയെയും ഛേദിച്ചുകളയും. പടവില്ലും ഒടിഞ്ഞുപോകും. ഞാൻ ജാതികളോടു സമാധാനം കല്പിക്കും അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദിമുതൽ ഭൂമിയുടെ അറ്റങ്ങളോളവും ആയിരിക്കും. നീയോ നിന്റെ നിയമ രക്തം ഹേതുവായി ഞാൻ നിന്റെ ബദ്ധന്മാരെ വെള്ളമില്ലാത്ത കുഴിയിൽ നിന്നും വിട്ടയക്കും. പ്രത്യാശയുള്ള ബദ്ധന്മാരേ, കോട്ടയിലേക്കു മടങ്ങി വരുവിൻ, ഞാൻ നിനക്കു ഇരട്ടിയായി പകരം നൽകും എന്നു ഞാൻ ഇന്നു തന്നേ പ്രസ്താവിക്കുന്നു ” (സെഖ. 9:9-12).

ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു (ആവർത്തനം 11:12). 2022 ഡിസംബർ മാസം നമ്മെ വിട്ട് കടന്നു പോയി. 2023 ജനുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. 2022-ൽ അനേകർ ഈ ലോകത്ത് നിന്ന് മാറ്റപ്പെട്ടു. കർത്താവ് നമ്മെ ഓരോരുത്തരേയും അത്ഭുതകരമായി കാത്തു പരിപാലിക്കുന്നതിനായി നന്ദി പറയാം.

കർത്താവ് തന്റെ മണവാട്ടിയെ ചേർക്കുവാൻ വാനമേഘത്തിൽ വരുമ്പോൾ നാം അവനോടുകൂടെ ചേർക്കപ്പെടുവാൻ നമുക്ക് വിശുദ്ധിയോടും വേർപാടോടും കൂടെ ജീവിക്കാം. ദൈവീക കൽപനകൾ പ്രമാണിക്കുന്നവർക്ക് മാത്രമേ സ്വർഗ്ഗീയ നഗരത്തിൽ എത്തിച്ചേരുവാൻ കഴിയുകയുള്ളു. ആ ഇളകാത്ത രാജ്യം പ്രാപിക്കുവാൻ നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷങ്ങളും ദൈവവചന പ്രകാരം ആയിത്തീരുവാൻ നമുക്ക് തീരുമാനിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം – 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ഉണർവ്വിനുവേണ്ടിയുള്ള ഒരു പ്രാർത്ഥന

By J.C. Ryle

അല്ലയോ ദൈവവും പിതാവുമായ ഞങ്ങളുടെ കർത്താവായ യേശുവേ, ഞങ്ങളുടെ രാജ്യത്തിന് മേൽ പരിശുദ്ധാത്മാവിനെ ഒന്നു പകരുക. അങ്ങയുടെ പ്രവൃത്തികളെ ഞങ്ങളുടെ ഇടയിൽ ഒന്നു ഉണർത്തുക. ദേശത്ത് ശരിയായ മതത്തെ വളർത്തുക, പ്രത്യേകിച്ചു ഞങ്ങളുടെ സ്വന്തം പണി ഇടവകയിൽ ശുദ്ധിയില്ലാതെ നടക്കുന്നവരുടെ ഹൃദയങ്ങളെയും ആത്മഭാരമില്ലാത്തവരേയും, അതുപോലെ അവിശ്വാസത്തിലുള്ളവരേയും സ്പർശിക്കുക. അവരുടെ പാപത്തെ അവർക്ക് വെളിപ്പെടുത്തുക, അവരുടെ അകൃത്യങ്ങളെ, അതുപോലെ അവരുടെ ആപത്തിനെയും ചിന്തിക്കുവാൻ അവരെ ശക്തീകരിക്കുക, അവർക്ക് മാനസാന്തരം പ്രദാനം ചെയ്യുക. ആയിരങ്ങൾ ഈ ആണ്ടിൽ ക്രിസ്തുവിനെ അന്വേഷിക്കട്ടെ, വിശ്വസിക്കട്ടെ, അപ്രകാരം തന്നേ രക്ഷിക്കപ്പെടട്ടെ. ശരിയായ ക്രിസ്ത്യാനികൾ ഹൃദയങ്ങളിൽ ഉണരട്ടെ. അങ്ങെയുടെ മഹത്വത്തിനായിട്ടുള്ള ശരിയായ ഉത്സാഹത്താൽ അവർ നിറയട്ടെ, അതുപോലെ തന്നേ സുവിശേഷത്തിന്റെ വ്യാപത്തിനായിട്ടു അവർ അധികം വിശുദ്ധരും, അധികം ദയയുള്ളവരും, നന്മ പ്രവർത്തിക്കുവാൻ അധികം ശുഷ്കാന്തി ഉള്ളവരും ആയി തീരട്ടെ. എല്ലായ്പ്പോഴും അതുപോലെ അധികം പ്രാർത്ഥിക്കുന്നവരും ആയി അവർ മാറട്ടെ.

എന്റെമേൽ പരിശുദ്ധാത്മാവിനെ പകരുക. എന്റെ അവസ്ഥ കണ്ടിട്ട് ഞാൻ തന്നേ വഞ്ചിക്കപ്പെടാതിരിക്കട്ടെ. ഞാൻ മാനസാന്തരപ്പെട്ടിട്ടില്ലാ എങ്കിൽ, വൈകാതെ എന്നെ മാനസാന്തരത്തിലേയ്ക്കു നയിക്കുക. ഒരു പുതിയ ഹൃദയത്തെ എന്നിൽ സൃഷ്ടിക്കുക. എന്താണെന്ന് എന്നെ കാണിക്കുക. അവിടുത്തെ പ്രവൃത്തികളെ അടിയനെ കാണിക്കുക. ക്രിസ്തുവിനെ കാണിക്കുക. പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുക. എന്റെ പാപത്തിൽ ഞാൻ മരിക്കുവാൻ അനുവദിക്കരുത്. ഞാൻ മാനസാന്തരപ്പെട്ടവനാണെങ്കിൽ, അടിയന് അധികം കൃപ നല്കുക. അടിയനെ നയിച്ചാലും എന്നെ പൂർണ്ണനാക്കുക. എന്റെ വിശ്വാസവും പ്രത്യാശയും അതുപോലെ സ്നേഹത്തെയും വർദ്ധിപ്പിക്കുക. കൃപയിലും അതുപോലെ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ അറിവിലും ഞാൻ വളരുവാൻ അത് നല്കുക.

എല്ലാ സുവിശേഷ പ്രസംഗികരുടെ മേലും പരിശുദ്ധാത്മാവിനെ പകരുക. അവരെയെല്ലാം അധികം ശുഷ്കാന്തിയുള്ളവരും അധികം വിശ്വസ്തരും ആക്കി തീർക്കുക. അധികം പൂർണ്ണമായിട്ടും, സ്വാതന്ത്ര്യത്തോടെയും സ്നേഹപൂർവ്വവും, അവിടുത്തെ നാമത്തെ ഞങ്ങളുടെ രാജ്യത്ത് ഇതുവരെയും പ്രസംഗിച്ചിട്ടില്ലാത്ത വിധം ഈ വർഷം ക്രിസ്തുവിനെ പ്രസംഗിക്കപ്പെടട്ടെ.

എല്ലാ ജനകൂട്ടത്തിനുമീതെയും പരിശുദ്ധാത്മാവിനെ പകരുക. അവിടെ അധികം ജീവിതം, ആത്മാർത്ഥതയും, ആവേശത്താലും ഞങ്ങളുടെ എല്ലാ മതപരമായ കൂട്ടായ്മകളും ആയി തീരട്ടെ. സുവിശേഷ ശ്രോതാക്കൾ ഈ വർഷത്തിൽ ഒരുമിച്ച് കൂടികാണുന്നത് വാസ്തവമായ അനുഗ്രഹത്തിനന്റെ ആഗ്രഹത്തോടെയും അതുപോലെ എല്ലായ്പ്പോഴും ഭവനങ്ങളിലേയ്ക്കു പ്രാർത്ഥനയ്ക്കായിട്ടും പോകട്ടെ.

എല്ലാ ശ്രേണികളിലും നിലവാരത്തിലും ഉള്ളവരുടെ മേൽ പരിശുദ്ധാത്മാവിനെ പകരുക. പണക്കാരുടെ മേലും, പാവപ്പെട്ടവരുടെമേലും, പ്രായം ഉള്ളവരുടെ മേലും അതുപോലെ ചെറുപ്പക്കാരുടെ മേലും ശബ്ബത്ത് ലംഘിക്കുന്നവരും മദ്യപാനികളും ലൗകികന്മാരും, വഞ്ചകന്മാരും, അഹങ്കാരികളും, പൊയ്മുഖം കാണിക്കുന്നവരും, സ്വയം നീതീകരണം നടത്തുന്നവരും എല്ലാം വളരെ കുറവായി തീരട്ടെ ഈ വർഷം. അധികം ആത്മഭാരമുള്ളവരും, പ്രാർത്ഥിക്കുന്നവരും, വേദപുസ്തകം വായിക്കുന്നവരും, വിശുദ്ധ ജീവിതം നയിക്കുന്നവരും അതുപോലെ കൃപയുടെ ഉറവകളെ ഉപയോഗിക്കുന്നതിൽ വളരെ ഉത്സാഹം ഉള്ളവരും ആയി തീരട്ടെ. ഞങ്ങളുടെ സ്വന്തം ആത്മാവിനെ കുറിച്ച് ഞങ്ങൾ വളരെ ആഴമേറിയ മൂല്യത്തെ ദർശിക്കുന്നവരും, മറ്റുള്ളവരുടെ ആത്മാക്കൾക്കുവേണ്ടി അധികം ശ്രദ്ധിക്കുന്നവരും ആയി തീരട്ടെ.

കൃപാലുവായ കർത്താവേ, ങ്ങളുടെ പാപം പോലെ ഞങ്ങളോടു പ്രവർത്തിക്കരുതേ. ഞങ്ങൾ പാപത്തിലാണെന്നും, അഹങ്കാരത്തിലാണെന്നും, നന്ദി ഇല്ലാത്ത രാഷ്ട്രമാണെന്നും ഏറ്റുപറയുന്നതിൽ ലജ്ജിക്കുന്നു. എന്നാൽ അങ്ങയുടെ കരുണപോലെ ഞങ്ങളെ കടാക്ഷിക്കൂ. പരിശുദ്ധാത്മാവിനെ ഞങ്ങളുടമേൽ പകരുക. അങ്ങേയുടെ പ്രവൃത്തികളെ ഉണർത്തുകയും രാഷ്ട്രമായിട്ട് ഞങ്ങളെ ദൈവത്തെ ഭയപ്പെടുന്നവരും അതുപോലെ

(ശേഷം 8-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

സ്വർഗ്ഗങ്ങൾ തുറക്കപ്പെട്ടിരുന്നു

By James A. Stewart

ഇവാൻ റോബർട്ട്സ് ആയിരുന്നില്ല വെയിൽസ് ദേശത്തിലെ ഉണർവ്വിന്റെയും രചയിതാവ് പരിശുദ്ധാത്മാവാം ദൈവം, തന്നെയായിരുന്നു വെയിൽസ്. ഉണർവ്വിന്റെ രചയിതാവു.

1904 നവംബറിലെ പത്ര സമ്മേളനം അതുപോലെ സമൂഹത്തിൽ താൻ അംഗീകരിക്കപ്പെടുന്നതിനു മുമ്പെ തന്നേ എന്നിരുന്നാലും ഇവാൻ റോബർട്ടസ് വളരെ പ്രശസ്തനായി തീർന്നിരുന്നു. ആ പ്രദേശത്തിന്റെ പല ഭാഗങ്ങളിലും ഏകദേശം രണ്ട് വർഷങ്ങൾക്ക് മുമ്പെ തന്നേ ഈ മഹത്തായ ഉണർവ്വ് വെയിൽ സിൽ ആരംഭം കുറിച്ചിരുന്നു എന്നുള്ള കാര്യം വളരെ ശ്രദ്ധ ആകർഷിക്കപ്പെടുന്ന ഒരു കാര്യം ആണ്. 1904-ന്റെ പിന്നീടുള്ള സമയങ്ങളിൽ ദൈവത്തിന്റെ നദിയിൽ നിന്നു ഉണ്ടായ ആ പ്രവാഹം അതിന്റെ പൂർണ്ണതയിലായിരുന്നു, അതിനാൽ കാണാൻ കഴിഞ്ഞത് ആത്മാവും അവന്റെ ഉപകരണങ്ങളായ കുറഞ്ഞത് നൂറോളം പാസ്റ്റർമാരെയും സുവിശേഷകരേയും, സാധാരണക്കാരേയും ഉഫയോഗിച്ചിരുന്നു അവന്റെ പ്രവൃത്തിക്കായിട്ട്.

രാജ്യത്തിന്റെ എല്ലാ കോണിലും മുക്കിലും ഉണർവ്വ് വ്യാപിക്കപ്പെട്ടിരുന്നു. പരിശുദ്ധാത്മാവിന്റെ ആ കാലഘട്ടത്തിലെ പ്രവർത്തിയിൽ കൂടി, ഇവൻ റോബർട്ടിന്റെ ശുശ്രൂഷ അവിടെയുണ്ടായിരുന്ന പന്ത്രണ്ടോളം ഉള്ള ജില്ലകളിലെ ഒരു പ്രധാന ഭാഗത്തു തന്നേ ആയിരുന്നു. അവൻ ഒരിക്കലും സന്ദർശിച്ചിട്ടില്ലാത്ത ഠൗണുകളും ഗ്രാമങ്ങളിലെല്ലാം തന്നേ ദൈവത്തിന്റെ അഗ്നി ആളിക്കത്തിക്കൊണ്ടിരുന്നു. അതുപോലെ താൻ അദ്ദേഹം സന്ദർശിച്ചിരുന്ന അനവധി സ്ഥലങ്ങളിലും തനിക്കു കാണുവാൻ സാധിച്ചും ആ അഗ്നി അവിടെയൊക്കെയും നേരത്തെ തന്നേ ഉണ്ടായിരുന്നതായിട്ട്. അദ്ദേഹത്തിന്റെ സന്ദർശനം ആ അഗ്നിയുടെ ശക്തിയെ വർദ്ധിപ്പിച്ചതെയുള്ളൂ.

ശരിയായ ഉണർവ്വിന്റെ സവിശേഷതകൾ

അദ്ദേഹത്തിന്റെ പ്രവർത്തന കാലഘട്ടത്തിൽ ഒരു മാനുഷ്യ വ്യക്തിത്വങ്ങളിലും അദ്ദേഹം ഒരിക്കലും ആശ്രയിച്ചിരുന്നില്ലെന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട ഘടകം. ഒരു ശരിയായ ചലനമായിട്ടു പരിശുദ്ധാത്മാവിന്റെ ചലനം തന്റെ ഉണർവ്വിന്റെ കാലഘട്ടത്തിൽ സംഭവിച്ചു. ഇത് വാസ്തവം തന്നേ ഉണർവ്വിന് മാനുഷിക ഭാഗം ഉണ്ടായിരിക്കണമെന്നുള്ളത്. " യഹോവെക്കും ഗിദെയോനും വേണ്ടി എന്നു പറവിൻ " (ന്യാ. 7:18). അതു സത്യം തന്നെയാണ്. കർത്താവ് അന്വേഷിക്കുകയും അതുപോലെ തകർന്നതിനെ ഒക്കെയും പ്രയോജനപ്രദമായിട്ട് ഉപയോഗിക്കുകയും ചെയ്യുന്നു, ശുദ്ധിയുള്ള പാത്രങ്ങളെ അവിടുത്തെ പ്രവൃത്തികൾക്കായിട്ടു ഉപയോഗിക്കുന്നു, അത് ഇവാൻ റോബർട്ട്സിലും അവൻ അങ്ങനെയുള്ള ഒരു പാത്രത്തെയാണ് കണ്ടെത്തിയത്.

മറ്റൊരു വളരെ പ്രധാനപ്പെട്ട ഘടകമായിട്ട് സംഭവിക്കപ്പെട്ടത് ശരിയായ ഉണർവ്വിന്റെതായിട്ടുള്ളത് എന്നത് ഇത് ഒരിക്കലും സമ്പത്തിനെയോ സംഘടനയോ, അല്ലെങ്കിൽ പരസ്യത്തെയോ ആശ്രയിച്ചിട്ടുള്ളതല്ല എന്നുള്ളതാണ്. നിങ്ങൾക്ക് ദൈവത്തിന്റെ അഗ്നിയെ നിയന്ത്രിക്കുവാനോ, അല്ലെങ്കിൽ സംഘടിപ്പിക്കുവാനോ കഴിയുകയില്ല. ഈ ഉണർവ്വിന്റെ പ്രധാന സവിശേഷതയെന്നത് അവിടെ സംഭവിച്ച വാണിജ്യവത്ക്കരണത്തിന്റെ അഭാവം ആണ്. അവിടെ സ്തോത്രഗാനങ്ങൾ ഉണ്ടായിരുന്നില്ല, ഒരു ഗാന ലീഡേഴ്സും ഇല്ലായിരുന്നു, കമ്മറ്റിയും ഇല്ലായിരുന്നു, ഗായകസംഘവും ഇല്ലായിരുന്നു. പേരുകേട്ട പ്രസംഗികരും ഇല്ലായിരുന്നു, സ്തോത്ര കാഴ്ചയും ഇല്ലായിരുന്നു, യാതൊരു സംഘടനയും ഇല്ലായിരുന്നു. ലോർഡ് പോന്റി പ്രിഡ്ഡ് ഒരിക്കൽ പറഞ്ഞതുപോലെ : ഉണർവ്വ് തന്നെ സമ്പത്ത് കണ്ടെത്തുകയും അതിന്റെ പരസ്യം നടത്തുകയും ചെയ്യുന്നു. അവിടെ ഒരു ബില്ലും ഇല്ല, വാടക കൊടുക്കേണ്ടതായ ഹാളും ഇല്ല, ശമ്പളവും ഇല്ല.

അടുത്തതായിട്ട് ശരിയായ ഉണർവ്വിന്റെ സവിശേഷ ഘടകം എന്നത് കർത്താവായ യേശുക്രിസ്തു തന്നെയാണ്, അവിടുന്നു തന്നെയാണ് ആകർഷണത്തിന്റെ കേന്ദ്രം എന്നത്: "അവൻ വീട്ടിൽ ഉണ്ടെന്നു ശ്രുതിയായി" (മർക്കൊ. 2:1). സുവിശേഷകനോ അല്ലെങ്കിൽ ഇവാഞ്ചലിസ്റ്റിക്ക് പാർട്ടിയോ ആണ് ആകർഷണ കേന്ദ്രം ആയിട്ട് മാറിയിരുന്നുവെങ്കിൽ, അപ്പോൾ ജഡത്തിന്റെ പ്രവൃത്തി മഹത്വപ്പെടുകയും അതുപോലെ അത് ഒരിക്കലും ദൈവത്തിന്റെതായി തീരുകയും ഇല്ല.

പരിശുദ്ധാത്മാവ്, എപ്പോഴാണോ അവൻ ഒരു സഭയുടെ അധികാര ശക്തിയായിട്ട് മാറുന്നത്, ഒരു ഠൗണിന്റെ, അല്ലെങ്കിൽ രാജ്യത്തിന്റെ അവന്റെതായ സ്വന്തം കർമ്മ പദ്ധതിയും ആയിട്ട് ആണ് വരുന്നതും അതുപോലെ അവന്റെതായ പ്രവർത്തന ശൈലിയും ഉണ്ട്. വെയിൽസ് ഉണർവ്വിൽ സംഭവിച്ചതും ഇതു തന്നേ ആയിരുന്നു.

വെയിൽസ് ഉണർവ്വിന്റെ അടയാളങ്ങൾ

ഇത് ഒരു ഉണർവ്വ് ആയിരുന്നു. യൗവ്വനക്കാരുടെ ഇടയിൽ ഇവാൻ റോബർട്ട്സ് പോലും കേവലം 26 വയസ്സു മാത്രം പ്രായമുള്ള ചെറുപ്പക്കാരനായിരുന്നു. ആയിരക്കണക്കിനു ചെറുപ്പക്കാർ മാനസാന്തരപ്പെടുകയും അവരൊക്കെയും ചെന്നു ചേരുന്ന സ്ഥലങ്ങളിൽ അവരൊക്കെയും അതിന്റെ സാക്ഷ്യം വഹിക്കുകയും ചെയ്തിരുന്നു. വളരെ ചെറിയ കുട്ടികൾക്കുപോലും അവരുടെതായ പ്രാർത്ഥന ക്രമീകരണങ്ങളും സ്തുതി ആരാധനകളും ചെറുപ്പക്കാരായ ജനങ്ങളാൽ പള്ളികൾ നിറയപ്പെട്ടിരുന്നു.

ഇത് ഒരു സ്തുതിയുടെ ഉണർവ്വ് ആയിരുന്നു. ദൈവത്തിന്റെ ആത്മാവിന്റെ ശ്വാസം പോലെ ഒരു ഉപകരണം ആയിട്ട് നിങ്ങൾക്ക് ആകുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ ആർ. ബി. ജോൺസ് ഉണർവ്വിന്റെ ഒരു ലീഡർ പറഞ്ഞതുപോലെ, യാഥാർത്ഥ്യം ആകുന്നു. കേൾക്കാതെ പറ്റുകയില്ല, ഇത് ഭാവനയിൽ കാണുവാൻ സാധിക്കാത്തതുപോലെ കേട്ടപ്പോൾ അത് വളരെ അധികം അത്ഭുതം ഉളവാക്കുന്നതുമായിരുന്നു. അവിടെ ഒരു സ്തോത്രഗാനങ്ങളുടെ പുസ്തകം ഇല്ലായിരുന്നു. ആരും സ്തുതിഗീതങ്ങൾ ഉപേക്ഷിച്ചിരുന്നില്ല. ആരെങ്കിലും സ്തോത്ര ഗാനം ആലപിക്കുവാൻ തുടങ്ങിയാൽ അതു വളരെ അപൂർവ്വം ആയിട്ടു സംഭവിക്കുന്നതായിരിക്കും. ആ പാട്ട് പാടുവാൻ തുടങ്ങിയത് ആരും അറിഞ്ഞിരുന്നില്ല. ആരാണ് ഇത് ചെയ്തതെന്ന് അതെല്ലാം ആ സമയത്തു അവിടെ കൂടിയിരുന്ന ജനത്തിന്റെ മനോഭാവത്തിനനുസരിച്ചാണ് ഇതെല്ലാം സംഭവിച്ചു കൊണ്ടിരുന്നത് ആ ഐക്യകൂട്ടായ്മയിൽ..

ഒരിക്കൽ ആരംഭിച്ചത്, ഒരേ സമയത്തു സംഭവിക്കുന്ന പ്രചോദനംപോലെ ആയിരുന്നു. ഇതിന്റെ ചലനം എങ്കിൽ, ആ പാടിയ പാട്ട് കൂട്ടായ്മയിൽ സകലരും ചേർന്ന് പാടുകയും എന്തായിരുന്നോ ആ ഗാനം എന്നുള്ളത്. അത് പൊതുവിൽ വിളിച്ച് അറിയിക്കുകയും അങ്ങനെ അതിനോടുള്ള ബന്ധത്തിൽ സകലരും ആയിട്ട് പോലീസുകാരന്റെ കയ്യിലെ ലാത്തി പോലെ ഒരു മനുഷ്യ നേതാവ് സകലർക്കും കാണാവുന്നതുപോലെ പ്രതികരിക്കുകയും ചെയ്തിരുന്നു. ഞാൻ ഇതുപോലെ ഒന്നും കണ്ടിരുന്നില്ല. നിങ്ങൾ ചിന്തിച്ചിരിക്കാം ആയിരമോ അല്ലെങ്കിൽ ആയിരത്തി അഞ്ഞൂറോ ജനങ്ങൾ നിങ്ങളുടെ മുമ്പാകെ ഒരു വളരെ ലളിതമായ ആത്മാവുള്ള വ്യക്തികളായിട്ട് നിവർന്ന് നില്ക്കുന്നതായിട്ട്.

(ശേഷം 5-ാം പേജിൽ)

(4-ാം പേജിന്റെ തുടർച്ച)

അപ്രകാരം ഉള്ളതായിരുന്ന പൂർണ്ണമായ ഇടകലർന്ന അവരുടെ മനോഭാവങ്ങളും അതുപോലെ അവരുടെ ലക്ഷ്യവും അതു നല്ല അനുഗ്രഹിക്കപ്പെട്ട സാക്ഷ്യങ്ങളെ പ്രസ്താവിച്ചിരുന്നതു ആയിരുന്നു ദൈവത്തിന്റെ ആത്മാവിനാൽ സൃഷ്ടിക്കപ്പെട്ട ആ ഐക്യതയോടുള്ള കൂടി വരവുകളിൽ ഉണ്ടായിരുന്നവർ.

ഇതൊരു പ്രാർത്ഥനയുടെ ഉണർവ്വായിരുന്നു.

പ്രാർത്ഥന വളരെ അനുഗ്രഹിക്കപ്പെട്ട ഗാനങ്ങളാൽ കൂടി കലർന്നിരുന്നു. അതുപോലെ എത്രയോ അത്ഭുതകരമായ പ്രാർത്ഥന ! ഇത് പ്രാർത്ഥന ആയിരുന്നു. സ്വർഗ്ഗം പ്രവർത്തിക്കുവാൻ പ്രാർത്ഥിക്കുകയാണ്. നേരിട്ടു ഉത്തരങ്ങൾ സ്വീകരിക്കുകയാണ്. അവിടെ അങ്ങനെ തന്നെയായിരുന്നു. അപ്പോൾ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ആ ആവേശം വളരെ ശക്തിയോടെ തന്നേ ഒഴുകിയിരുന്ന കൂടിയിരുന്ന ആ സകല ജനത്തിന്റെയും മീതേയും അനേകം മണിക്കൂറുകൾ അതേ അനുഭവത്തിലും തുടർന്നുകൊണ്ടിരുന്നു.

അപരിചിതരായവർ ഇതെല്ലാം കേൾക്കുമ്പോൾ അത്ഭുതപരവശരായി തീരുകയായിരുന്നു. ചെറുപ്പക്കാരായ പ്രിയപ്പെട്ടവർക്കും അതുപോലെ തന്നേ ഉള്ള എഴുതപ്പെട്ടതായ പ്രാർത്ഥനകളും എല്ലാം അങ്ങനെ അപ്രകാരം ഉള്ള തൈലാഭിഷേകത്താലുള്ളതും ജ്ഞാനാതികവുള്ളതും ആയതുകൊണ്ട് അതെല്ലാം കൃപയുടെ സിംഹാസനത്തിന്റെ മുമ്പാകെ എത്തിച്ചേർക്കുന്നതും, ആയിരുന്നു. ദൈവത്തിന്റെ ആത്മാവിനാൽ. ആരാധനയും അതുപോലെ സ്തുതിയും യാതൊരു കാരണവശാലും നിയന്ത്രിക്കപ്പെട്ടിരുന്നില്ല. സ്തുതികൾ അത് യാചനകളാൽ നിറയപ്പെട്ടിരുന്നു. മറുപടി ലഭിച്ച പ്രാർത്ഥനപോലെ അതെല്ലാം. അവരുടെ ആ നഗ്ന കണ്ണുകളുടെ മുമ്പിൽ തന്നേ അനുഭവിക്കപ്പെട്ടിരുന്നു. എപ്പോഴാണോ മാനസാന്തരപ്പെടാത്തവർ ആ കൂട്ടായ്മകളിൽ വന്നിരുന്നത് അവരെല്ലാം ആ കൂട്ടായ്മ തീരുന്നതിന്റെ മുമ്പെ തന്നേ മാനസാന്തരം പ്രാപിച്ചിരുന്നു. ഇന്നത്തെ നമ്മുടെ പ്രാർത്ഥന കൂട്ടായ്മയിൽ നിന്നു ആ കൂട്ടായ്മ എത്രയോ വ്യത്യസ്തം ആയിരുന്നു.

ഇത് ആത്മാക്കളെ നേടുന്നതിനുള്ള ഒരു ഉണർവ്വ് ആയിരുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ രക്ഷണീയ പ്രവർത്തിയുടെ കൃപകളെ കുറിച്ച് പ്രഖ്യാപിക്കുവാനുള്ള അവരുടെ ഒരു കുറച്ച് പ്രസംഗികരോ അതുപോലെ കുറച്ച് മാത്രമുള്ള സഭാഗംങ്ങൾക്കോ പകരമായിട്ട് ഇപ്പോൾ ഇതാണ് കാണപ്പെട്ടത്. വെയിൽസിലെ സകല ക്രിസ്ത്യാനികളായ പുരുഷന്മാർക്കും അതുപോലെ സ്ത്രീകൾക്കും അവരുടെ ഉള്ളിൽ ഒരു കത്തിജ്വലിക്കുന്ന ഒരു വലിയ ആത്മഭാരം ഉണ്ടായിരുന്നു. നഷ്ടപ്പെട്ട പുരുഷന്മാരേയും അതുപോലെ സ്ത്രീകളെയും കുറിച്ച്.

ഇതായിരുന്നു ഒരു സാധാരണ സംഭവം ആയിട്ടു അന്നു സംഭവിക്കപ്പെട്ടതു അതായത് ഒരു സത്യവിശ്വാസി താൻ എവിടെ ആയിരുന്നാലും തന്റെ മഹത്വപ്പെട്ട വിമോചകനെ സാക്ഷ്യപ്പെടുത്തിയിരുന്നു കൽക്കരിഖനികളിലും ഓഫീസുകളിലും അതുപോലെ സ്കൂളുകളിലും എല്ലാം സാധാരണക്കാരായ ആൾക്കാരുടെ സാക്ഷ്യങ്ങളിൽ കൂടി ആയിരക്കണക്കിനുള്ള പ്രിയപ്പെട്ടവർ രക്ഷിക്കപ്പെടുക പതിവായിരുന്നു. സാധാരണക്കാരായ വിശ്വാസികൾ ക്രിസ്തുവിന്റെ അവകാശവാദങ്ങളും വാഗ്ദത്തങ്ങളും സംസാരിച്ചത് കേട്ടിരുന്നു. സാധാരണ സംഭാഷണങ്ങളിൽ പോലും.

ഒരു പുതുദിനം പുലർന്നു.

യാതൊരു അത്ഭുതപ്പെടേണ്ടതിന്റെയും ആവശ്യം ഇല്ല. ജനത്തിനു ഉറങ്ങുവാൻ കഴിഞ്ഞില്ലായെന്നുള്ളതു അതുപോലെ കൂട്ടായ്മകളിൽ അകന്നു മാറി നിൽക്കുവാനും കഴിഞ്ഞിരുന്നില്ല. യാതൊരു അതിശയോക്തിയും വേണ്ടാ പ്രഭാതത്തിൽ രണ്ടോ മൂന്നോ മണിവരെ കൂട്ടായ്മകൾ തുടർന്നുകൊണ്ടിരുന്നു എന്നതും അറുക്കപ്പെട്ട ദൈവ കുഞ്ഞാടിന്റെ സ്തുതി സ്തോത്രങ്ങളുടെ ഗാനങ്ങൾ ആലപിച്ച്കൊണ്ട് പൊതു തെരുവുകളുടെ വീഥികളിൽ കൂടി ജനങ്ങൾ അണിയണിയായിട്ട് നടന്നു നീങ്ങുന്ന കാഴ്ചകൾ എന്നും അവിടെ പതിവായിരുന്നു.

പർവ്വതങ്ങൾ ഒക്കെയും ഉരുകി പോയിരുന്നു. ദൈവീക സാന്നിധ്യത്തിന്റെ മുമ്പാകെയും അതുപോലെ സ്വർഗ്ഗം തുറക്കപ്പെടുകയും ചെയ്തിരുന്നു. വെയിൽസിലെ പള്ളിയ്ക്ക് ഒരു നവീനവും ശോഭയുള്ളതുമായ ദർശനം ആയിരുന്നു. അവരുടെ അത്ഭുതവാനായ കർത്താവിനെക്കുറിച്ച്. ഇത് താഴെ പറയുന്ന ഉണർവ്വിന്റെ പ്രേമഗാനം എന്നു വിളിക്കപ്പെട്ടിരിക്കുന്ന ഈ ഗാനത്തിൽ കൂടി.

അത്ഭുതതക്തമായ സ്നേഹം, പരിധിയില്ലാത്ത കരുണ!
യേശു, ജീവന്റെ രാജകുമാരൻ, മരിക്കുന്നു-
ഞങ്ങൾക്കു വേണ്ടിയുള്ള ജീവൻ അവിടുത്തെ രക്തത്തിൽ
ഒ! എന്തൊരു ഹൃദയം അങ്ങയെ എന്നെങ്കിലും മറക്കുമോ?
അങ്ങയുടെ സ്തുതിയെക്കുറിച്ചുള്ള ഗാനം ആർക്ക് കഴിയും നിർത്തുവാൻ?
അത്ഭുതകരമായ സ്നേഹം!
സദാസമ്പുപഷ്ടമായതു
സ്വർഗ്ഗം അതിന്റെ ഗാനം ആലപിക്കുമ്പോൾ

വെയിൽസിലുള്ളവർക്കായിട്ടു ഒരു പുതിയ ദിനം പുലർന്നു. ദൈവം ഇപ്പോൾ സന്ദർശിക്കുകയും അവിടുത്തെ ജനത്തെ മോചിപ്പിക്കുകയും ആയിരുന്നു.

ഉണർവ്വിനു വേണ്ടിയുള്ള ഒരുക്കങ്ങൾ

വെയിൽസിൽ ഈ ഉണർവ്വ് സംഭവിക്കുന്നതിനു മുമ്പെ ഒരു ഇരുണ്ട ദിനങ്ങളുടേതായിരുന്നു എല്ലായിടവും ഉള്ള മദ്യശാലകളുടെ മുറികൾ എല്ലാം നന്നായി മനോഹരം ആയിരുന്നു. ഫുട്ബോൾ, സമ്മാനത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളും, മയിൽ പറപ്പിക്കൽ, കോഴി പോരുകളും ഊഹകച്ചവടങ്ങളും അതുപോലെ തന്നേ ചൂതാട്ടങ്ങളും നടന്നിരുന്ന സമൂഹത്തിലെ ഉന്നതരായ ജനങ്ങളുടെ ഇടയിൽ പ്രത്യേകിച്ച് ഉയർന്ന ശബളസ്കെയിലിൽ ഉദ്യോഗം നേടിയിരുന്ന ഉദ്യോഗവൃന്ദങ്ങളുടെ മദ്ധ്യത്തിൽ നാൽപതിനായിരത്തോളം വളരെ ആകുല ചിത്തരായ വിശ്വാസി സമൂഹങ്ങൾ പ്രധാനപ്പെട്ട സംഭവങ്ങളിൽ ഒന്നു തന്നേ. അവർ ആരും തന്നേ പരസ്പരം അറിഞ്ഞിരുന്നില്ല. രാജ്യത്തിന്റെ പല ഭാഗങ്ങളിലും കർത്താവിനുവേണ്ടി അവർ കാത്തിരിക്കുകയായിരുന്നു.

ദൈവം തിരഞ്ഞെടുക്കപ്പെട്ട ഉപകരണങ്ങളുടെ മദ്ധ്യേ രഹസ്യസ്ഥലങ്ങളിൽ ഒരു യുവത്വമുള്ള ഖനിജോലിക്കാരനെയാണ് ഒരുക്കപ്പെടുത്തികൊണ്ടിരുന്നത്, അവന്റെ തലമുറയിലെ ഒരു വേർപ്പെട്ടതും ശക്തിയുള്ളതും ആയിരുന്നു ആ ശബ്ദം. ദൈവത്താൽ അധികം ഉപയോഗിക്കപ്പെട്ട അല്ലെങ്കിൽ കുറച്ച് ഉപയോഗിക്കപ്പെട്ടവനാണോ എന്നുള്ള ചർച്ചകൾ നടന്നിരിക്കാം, എന്നാൽ ഇദ്ദേഹം ആയിരുന്നു ഇത്രമാത്രം ശക്തിയുള്ള ഈ ഉണർവ്വിന്റെ വക്താവ് എന്ന് വളരെ ദൂരെയുള്ള സ്ഥലങ്ങളിൽ പോലും അറിയപ്പെട്ട വ്യക്തിത്വം ആയിട്ടു പ്രസംഗികർ പൊതുവിൽ കണ്ടിരുന്നു.

1878-ാം ആണ്ട് ജൂൺ മാസം 8-ാം തീയതിയാണ് ഇവാൻ റോബ്ർട്ട്സ് ജനിച്ചത്, ദ്വീപ് വീട് എന്ന അറിയപ്പെട്ടിരുന്ന ഒരു സാധാരണ ജോലിക്കാരന്റെ ഭവനത്തിൽ ലൈഗർ എന്ന ചെറിയ പട്ടണത്തിലാണ്. ഖനിയിൽ വളരെ ചെറിയ പ്രായംമുതൽക്ക് തന്നെ ജോലി ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ ജ്വലിച്ച് കൊണ്ടി

(ശേഷം 6-ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

രുന്ന ഒരു ആഗ്രഹം ഉണ്ടായിരുന്നു പ്രസംഗിക്കുവാൻ. അവന്റെ പാസ്റ്ററും അതുപോലെ മറ്റുള്ളവരും വളരെ പ്രോത്സാഹിപ്പിച്ചിരുന്നു എന്നിരുന്നാലും വളരെ കുറഞ്ഞ വിദ്യാഭ്യാസമേ ഉണ്ടായിരുന്നുള്ളൂ.

മോറിയ ചാപ്പലിലെ ഡീക്കൻ ആയിരുന്ന വില്യം ഡോറീസ്, ഇവിടെ ചെറുപ്പക്കാരനായ ഇവാൻ കൂട്ടായ്മക്കു പങ്കെടുത്തിരുന്നു, തന്നോട് വളരെ ശക്തമായിട്ട് മുന്നറിയിപ്പ് നല്കപ്പെട്ടിരുന്നു. പരിശുദ്ധാത്മാവു വരികയും തനിക്ക് നഷ്ടം വരികയും ചെയ്യുന്നതിനാൽ യാതൊരു കാരണവശാലും പ്രാർത്ഥന കൂട്ടായ്മകൾ നഷ്ടപ്പെടുത്തരുതെന്ന്.

അങ്ങനെ ഇത് ഒരു തിങ്കളാഴ്ച സന്ധ്യയിൽ മോറിയ പള്ളിയിൽ പ്രാർത്ഥന കൂട്ടായ്മയിൽ പങ്കെടുക്കുകയും, ചൊവ്വാഴ്ച ദിവസം പിസഗാഹിൽ വെച്ച്, ബുധനാഴ്ചയിൽ മോറിയായിൽ വെച്ച്, വ്യാഴാഴ്ചയും വെള്ളി ആഴ്ചയും മറ്റുള്ള പ്രാർത്ഥന കൂട്ടായ്മകളിലും ബൈബിൾ ക്ലാസ്സുകളിലും അദ്ദേഹം പതിമൂന്ന് വർഷത്തോളം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. വളരെ ശക്തമായ പരിശുദ്ധാത്മാവിന്റെ സന്ദർശനത്തിനായിട്ട്!

സ്കൂളിൽ നിന്നു പോകുന്നതിനു മുമ്പെ, 1904-ലെ വസന്തകാലത്ത്, ഇവാൻ തന്നെ തന്നിൽ കണ്ടെത്തി, അതായിരുന്നതു പോലെ, രൂപാന്തരത്തിന്റെ മലയായിട്ട് തന്റെ ഭവനത്തിലും അതുപോലെ രാജ്യത്തിന്റെ ഭാഗങ്ങളിലും വളരെ അത്ഭുതകരമായ നിലയിൽ അവന്റെ സ്വർഗ്ഗീയ പിതാവ് തന്നെ അതിരു കടന്ന വിധത്തിൽ ദൈവീക ഭയത്താൽ അവന്റെ ഉള്ളിനെ നിറയ്ക്കുകയും ചെയ്തിരുന്നു. ന്യാസ കാസ്സിലെ എംലിയെൻ ഗ്രാമർ സ്കൂളിൽ പ്രവേശിക്കപ്പെടുവാൻ സമയം എത്തിയപ്പോൾ, സ്വാഭാവികമായിട്ടു അവൻ ഭയപ്പെട്ടിരുന്നു പോകുവാൻ, അല്ലാത്ത പക്ഷം കർത്താവും ആയിട്ടുള്ള ഈ അനുഗ്രഹിക്കപ്പെട്ട സീസൺ തനിക്ക് നഷ്ടപപ്പെടുപോയേക്കാം എന്നും.

എന്നാൽ ദൈവത്തിന്റെ വളരെ വ്യക്തമായ നടത്തിപ്പിനാൽ, ഈ സമയത്തിൽ ഒരു കൺവെൻഷൻ ബ്ലായീനാനെർക്കിൽ വെച്ച് നടക്കുകയും ചെയ്തു, ഏകദേശം എട്ട് മൈൽ ദൂരം സ്കൂളിൽ നിന്ന്. അവിടുത്തെ ഇവാഞ്ചലിസ്റ്റ് സേത്ത് ജോഷ്വവാ ആയിരുന്നു. 1904-ലെ സെപ്റ്റംബർ 29-ാം തീയതി വ്യാഴാഴ്ച രാവിലെ ഇവാൻ റോബ്ർട്ട്സും അതുപോലെ വേറെ പത്തൊൻപത് ചെറുപ്പക്കാരും, സ്വിഡ്നി ഇവാൻസ് തന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നവൻ ഉൾപ്പെടെ, ബ്ലായിനാനെർക്കിലേയ്ക്കു പോയി ആ മീറ്റിംഗകളിൽ പങ്കെടുക്കുവാൻ വേണ്ടി.

കർത്താവു അവരുടെ ഹൃദയങ്ങളിൽ വളരെ പ്രഭാതത്തിൽ തന്നേ പ്രവർത്തിക്കുവാൻ തുടങ്ങിയിരുന്നു. അവർ പാടിയതുപോലെ തന്നേ, ഇതു വരുന്നു, ഇതു വരുന്നു - പരിശുദ്ധനായവന്റെ ശക്തി -- ഞാൻ സ്വീകരിക്കുന്നു. അത് ഞാൻ സ്വീകരിക്കുന്നു പരിശുദ്ധനായവന്റെ ശക്തിയെ!

അങ്ങനെ ഗാനം പാടിയും അതുപോലെ സ്തുതിച്ചുകൊണ്ടിരുന്നപ്പോൾ തന്നേ, ചെറുപ്പക്കാരുടേതായ ആ ഒരു കൂട്ടം ഠൗണിൽ 7 മണിക്ക് ഉള്ള ശുശ്രൂഷയ്ക്കുവേണ്ടി എത്തിച്ചേർന്നിരുന്നു. ഇവനാകട്ടെ തന്നിൽ പരിശുദ്ധാത്മാവ് വളരെ ആഴത്തിൽ ഇടപ്പെട്ടിട്ട് മുഴുവനായിട്ട് വളരെ തകർന്നവനായിട്ട് തീരുകയും ചെയ്തു. മിസ്റ്റർ ജോഷ്വാ ആ ശുശ്രൂഷ ഒരു പ്രാർത്ഥനയാൽ പര്യവസാനിക്കപ്പെട്ട ആ നിമിഷത്തിൽ

അല്ലയോ കർത്താവേ ഞങ്ങളെ ഒന്നു തിരിക്കേണമേ

അല്ലയോ കർത്താവേ, ഞങ്ങളെ ഒന്നു തിരിക്കേണമേ എന്ന് ഇവാഞ്ചലിസ്റ്റ് ഈ വാക്കുകളെ ഉപയോഗിച്ചപ്പോഴ്, കഷ്ടപ്പെട്ടുകൊണ്ടിരുന്ന അവിടെ ഉള്ള ആത്മാക്കൾ വേറെ ഒന്നും കേട്ടിരുന്നില്ല. ഇതാണ് താങ്കൾക്ക് അത്യാവശ്യം വേണ്ടത്, ദൈവാത്മാവ് പിറുപിറുക്കുവാൻ തുടങ്ങി.

മിസ്റ്റർ ജോഷ്വാ അല്ലായിരുന്നു ഈ വാക്കുകളെ പരമാർശിച്ച്ത്. അല്ലയോ കർത്താവേ, ഞങ്ങളെ തിരിക്കേണമേ എന്നത്, പ്രത്യുത ദൈവത്തിന്റെ ആത്മാവു തന്നേ ആയിരുന്നു. പിന്നീട് ഇവാൻ റോബർട്ട്സ് തന്നേ പറഞ്ഞിരുന്നു.

9-ാം മണിക്കുള്ള മീറ്റിംഗിൽ, മദ്ധ്യസ്ഥത പ്രാർത്ഥനയുടെ ആവേശം അത് വളരെ ശക്തമായിരുന്നു. ഇവാനകട്ടെ പ്രാർത്ഥനയിൽ അങ്ങനെ കത്തിജ്വലിക്കുന്നവനായിരുന്നു. പൊതുജനത്തിന്റെ മദ്ധ്യത്തിൽ പറയുവാൻ വേണ്ടി ഇവാനോടു പരിശുദ്ധാത്മാവു കല്പിച്ചു. ഈ വളരെ നിർണ്ണായകമായ പ്രതിസന്ധി നിറഞ്ഞ അനുഭവത്തെക്കുറിച്ച് അദ്ദേഹം തന്നേ ഒന്നു വിശദീകരിക്കപ്പെട്ട തന്റെതായ ജീവിതത്തിൽ സംഭവിക്കപ്പെട്ടത് ആ നിമിഷത്തിൽ; ഒരു പ്രതിസന്ധിയുടെ പരിണിതഫലമായിട്ട് വേഗത്തിൽ തന്നേ 100,000 - ത്തോളം വിശ്വാസത്തിന്റെ ജോലിക്കാരെ.

ഞാൻ എന്റെ മുഴങ്കാലിൽ തന്നേ ഇരുന്നുകൊണ്ടു എന്റെ മുന്നിലുള്ള കസേരയിൽ എന്റെ കൈകൾ വെച്ചുകൊണ്ടും അതുപോലെ എന്റെ കണ്ണുകളിൽ നിന്നു ധാരധാരയായിട്ട് കണ്ണുനീർ തുള്ളികൾ താഴേക്കു ധാരാളം ആയിട്ട് വളരെ സ്വാതന്ത്ര്യത്തോടെ ഒഴുകുവാൻ തുടങ്ങി. ഞാൻ കരയുവാൻ തുടങ്ങി. എന്നെ ഒന്നു തിരിക്കേണമേ! എന്നെ ഒന്നു തിരിക്കേണമേ! ഞങ്ങളെ ഒന്നു തിരിക്കേണമേ! എന്താണ് എന്നെ തിരിച്ചത്, ദൈവത്തിന്റെ സംസാരം അവിടുത്തെ സ്നേഹവും അതുപോലെ എനിക്ക് ഒന്നും സംസാരിക്കുവാൻ അതിൽ ഉള്ളതായിട്ട് ഞാൻ കണ്ടിരുന്നില്ല.

അവിടുത്തെ ഹൃദയത്തിലുണ്ടായിരുന്ന ആ ക്രൂശിലെ സ്നേഹത്തെ വെളിപ്പെടുത്തുകയാണ് ചെയ്തത്. പരിശുദ്ധാത്മാവ് വന്ന് തന്റെ മുഴുവൻ വ്യക്തിത്വത്തേയും ഒന്നു ഉരുക്കി അലിയിച്ചപ്പോൾ. അങ്ങനെ. മുഴുവൻ ഉണർവ്വിന്റെ പ്രതിപാദ്യ വിഷയം എന്നുള്ളത് ആയിതീർന്നു. ക്രൂശിലെ സ്നേഹം. “ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്ക് വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു ” (റോമ. 5:8).

അവൻ തുടരുകയാണ്, എന്റെ മുഖത്ത് കൂടി വിയർപ്പ് തുള്ളികൾ ധാരധാരയായിട്ട് താഴേക്കു പതിക്കുവാൻ തുടങ്ങിയിരുന്നു. അതുപോലെ തന്നേ കണ്ണുവീർ തുള്ളികളും വീണുകൊണ്ടിരുന്നു. അത്ഭുത പരതന്ത്രനായിട്ട് പെട്ടെന്ന് ഞെട്ടി മാറിയിട്ട് എന്റെ ശരീരത്തിൽ നിന്ന് രക്തം പുറത്ത് വന്നതുപോലെ എനിക്ക് തോന്നിപ്പോയി. വേഗത്തിൽ മിസ്സിസ്സ് ഡേവിസ് എന്റെ സമീപത്തേയ്ക്കു വരികയും അവൾ ആ വിയർപ്പുതുള്ളികളെല്ലാം തുടച്ചു മാറ്റുകയും ചെയ്തു.

അങ്ങനെ ഞാൻ ആ ചിന്തയിൽ ആയിരുന്നപ്പോൾ, പൊതുസദസ്സ് അവർ ഹൃദയംഗമായിട്ട് ഒരുമിച്ച് പാടുവാൻ തുടങ്ങി,. ഞാൻ വരുന്നു, വരുന്നു കർത്താവേ, അങ്ങിലേയ്ക്കു ! ഇപ്പോൾ ഒരു വലിയ ഭാരം എന്റെമേൽ പതിച്ചു നഷ്ടപ്പെടുന്ന ആത്മാക്കളുടെ രക്ഷയ്ക്കായിട്ട്.

ഉണർവ്വിന്റെ പ്രയോജനങ്ങൾ

വെയിൽസ് ദേശത്തെ ഉണർവ്വിന്റെ പ്രയോജനങ്ങൾ വളരെ അധികം ആശ്ചര്യപ്പെടുത്തുന്നതായിരുന്നു. ഉദാഹരണത്തിനായിട്ടു ആശയവിനിമയത്തിനായിട്ടുള്ള ദ ലിവർപൂൾ ഡെയ്ലി പോസ്റ്റിന്റെ റിപ്പോർട്ടിൻ പ്രകാരം ഡിസംബർ ലക്കം 1904-ലെ റോമഹസീൽ മദ്യപാനികളുടെ പേരിൽ ഒരു അറസ്റ്റുകളും രേഖപ്പെടുത്തിയിട്ടില്ല. ഉണർവ് തുടങ്ങി ആ നാൾ മുതൽ ഇന്നുവരേയും ജോലിക്കാ

(ശേഷം 7-ാം പേജിൽ)

(6-ാം പേജിന്റെ തുടർച്ച)

രന്റെ കഷ്ടപാടിന്റെ കാശ്, മദ്യപിച്ച് കൂത്താടി നടക്കുകയും അതുപോലെയുള്ള ദുശീലത്തിലും ജീവിച്ചവർ ഇന്ന് അവരുടെ ഭവനത്തിലേക്കു വലിയ ആഹ്ളാദത്തെയാണ് കൊണ്ടുവരുന്നത്. പേരെടുത്ത കടബാദ്ധ്യതകൾ ഒക്കെയും മാനസാന്തരപ്പെട്ട യൗവ്വനക്കാരാൽ കൊടുത്തു തീർക്കുവാൻ സാധിച്ചു. ആ ദിനങ്ങളിൽ വലിയ പ്രായശ്ചിത്തങ്ങൾ നടന്നിരുന്നു.

ചൂതാട്ടക്കാരുടേയും അതുപോലെ മദ്യശാലകളുടെയും വ്യാപാരം നഷ്ടപ്പെടുകയും പ്രദർശനശാലകളൊക്കെയും അടച്ചുപൂട്ടുകയും ചെയ്യുവാൻ തുടങ്ങി, അതിന്റെ രക്ഷകർത്തൃത്വം ഏറ്റെടുക്കുവാൻ ആരും ഇല്ലാതിരുന്നതുകൊണ്ട് ഫുട്ടബോൾ കളി ആ സമയത്ത് മറന്നുപോയിരുന്നു. ഒരുപോലെ കളിക്കുന്നവരും അതുപോലെ അവരുടെ ആരാധകരും, പ്രസംഗപീഠത്തിൽ നിന്നു ഫുട്ബോളിനെ കുറിച്ച് യാതൊന്നും സംസാരിച്ചിട്ടില്ലായിരുന്നു.

രാഷ്ട്രീയ പാർട്ടികളുടെ മീറ്റിംഗുകൾ എല്ലാം തന്നെ ഉപേക്ഷിക്കപ്പെട്ടിരുന്നു. ആരും തന്നേ അതിൽ താല്പരരല്ലാത്തതുകൊണ്ട് അവർ ആരും ആരേയും ചോദ്യം ചെയ്തില്ലായിരുന്നു. രാഷ്ട്രീയ നേതാക്കന്മാർ, ലണ്ടനിലെ പാർലമെന്റിനുള്ളിൽ നിന്ന് തന്നേ മാറി നിന്നിരുന്ന പ്രാർത്ഥന കൂട്ടായ്മകളിൽ പങ്കെടുക്കുന്നതിനായിട്ട്.

ഒരു പ്രധാനപ്പെട്ടതു എടുത്തു പറയത്തക്കതുമായ ഒരു നേട്ടം ആയിരുന്നു. നേരത്തെ പള്ളിയെ കുറിച്ച് അവരുടെ ഇടയിൽ ഉണ്ടായിരുന്ന മുൻവിധികളെല്ലാം തന്നെ തകർന്നത്. മാനുഷ്യ നിർമ്മിതമായ സകല വിധമായ സമുദായപരമായ വേലികെട്ടുകളും പൂർണ്ണമായിട്ട് തകർത്തുകളഞ്ഞും എല്ലാ സമൂദായിക വിഭാഗങ്ങളിലും ആരാധിച്ചിരുന്ന പാസ്റ്റർന്മാരും വിശ്വാസികളും ഒരുമിച്ച് കൂടിചേർന്ന് അവരുടെ കർത്താവിനെ ആരാധിക്കുവാൻ തുടങ്ങിയതിനാൽ പ്രാദേശിക ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടായിരുന്ന ശണ്ഠകളെല്ലാം പൂർണ്ണമായിട്ടു പരിഹരിക്കപ്പെട്ടു.

ഒരു എടുത്തുപറയതക്കതായ പ്രത്യേകതയായിരുന്നു ഉണർവ്വിനാൽ ജനങ്ങളുടെ പാപത്തെക്കുറിച്ചുള്ള പ്രായശ്ചിത്തം, രക്ഷിക്കപ്പെടാതിരുന്നവരുടെ ഇടയിൽ തന്നെ മാത്രമല്ല, പ്രത്യുത രക്ഷിക്കപ്പെട്ടിരുന്നവരുടെ ഇടയിൽ പോലും ക്രിസ്തുവിന്റെ ക്രൂശിന്റെ മുമ്പാകെ എല്ലാവരും തകർക്കപ്പെടുകയും അതുപോലെ ഉരുകി അലിയുകയും ചെയ്തു!.

ഉണർവ്വിന്റെയും അതിന്റെ വിജയങ്ങളും അത് എല്ലാ തലങ്ങളെയും ഉണർത്തുകയും ഒരു പ്രത്യേക ഇടത്ത് അതിനെ അങ്ങനെ ഒതുക്കിവയ്ക്കുവാനോ കഴിഞ്ഞിരുന്നില്ല. വിശാലമായ പുൽ പ്രദേശത്തിലെ ആളിക്കത്തുന്ന അഗ്നി പോലെയാണ് ഉണർവ്വ് അതിന്റെ ആഗമനത്തിനു മുമ്പെ തന്നേ എല്ലാം ഒരുക്കി ക്രമീകരിച്ചിരുന്നത്. അത് എല്ലാ തലങ്ങളെയും ഉടച്ചു തകർത്തിരുന്നു. ഇവിടെയും അവിടെയും അതായത് പ്രതീക്ഷയില്ലാത്ത സ്ഥലങ്ങളേയും എല്ലാവർക്കും അത്ഭുതം തോന്നുന്ന വിധത്തിലായിരുന്നു അതിന്റെ പ്രവർത്തനം സംഭവിച്ചത്. അപ്പോൾ അത് ആതിശയകരമായിട്ട് തോന്നാത്ത വിധത്തിൽ ശക്തിമായ ആ അഗ്നി വെയിൽസ് ദേശത്തെ മാത്രമല്ല വിഴുങ്ങിക്കളഞ്ഞത് പ്രത്യുത ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അത് വ്യാപിക്കപ്പെട്ടു. സന്ദർശകരായ പാസ്റ്റർന്മാരും അതുപോലെ വിശ്വാസികളും കത്തുന്ന മുൾച്ചെടിയെ കാണുവാനായിട്ട് കടന്നുവന്ന ഇവരെ ഒക്കെയും മടക്കി അവരുടേതായ സ്വന്തഭവനത്തിലേയ്ക്കു ചെല്ലുമ്പോൾ ഉണർവ്വിന്റെ അഗ്നി പ്രവർത്തിക്കുവാൻ തുടങ്ങുകയും ചെയ്തു. അത് അവരുടെ സ്വന്തം പള്ളികളിലും മിഷൻ ഫീർഡിലും അതുപോലെ പട്ടണങ്ങളിലും ദൈവജനം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉള്ളവർ സന്തോഷത്തോടെ ദൈവത്തെ സ്തുതിക്കുവാൻ ആരേഭിച്ചു.

പള്ളിയെ തിരിക്കുക

ഇത് വളരെ നല്ലതാണ് റോബർട്ട്സ് ഇവാന്റെ പ്രതിപാദ്യം വിഷയം, പള്ളിയിലേക്കു തിരിയുക ലോകത്തെ രക്ഷിക്കുക ഇതായിരുന്നു സകല ശരിയായ ഉണർവ്വിന്റെയും വിജ. രഹസ്യം! ദൈവജനങ്ങൾ സകലരും അവർ വിനയം ഉള്ളവരായി മാറുകയും അതുപോലെ ദൈവവും ആയിട്ടു നല്ല ബന്ധം സൃഷ്ടിക്കുകയും അങ്ങനെ പരിശുദ്ധാത്മാവ് രക്ഷിക്കപ്പെടാത്ത ജനത്തിന്റെ മേൽ മാനസാന്തരത്തിന്റെ ശക്തിയെ അയയ്ക്കുകയും അവരെ തകർത്ത് ഉടച്ച് ദൈവ സന്നിധിയിലേക്ക് കൊണ്ടുവരുവാനും സാധിക്കുന്നു (2ദിന. 7:14).

അവിടെ യാതൊരുവിധമായ കാപട്യം പാടില്ല. ദൈവമക്കൾ സകലരും ദൈവഹിതപ്രകാരം ആയിതീരുകയും അത് അവന്റെ ജീവിതത്തിന്റെ പൂർണ്ണ അനുസരണ മനോഭവത്തോടെ പരിശുദ്ധാത്മാവിന്റെ മുമ്പാകെ ആയിതീരുകയും വേണം. അത് പകരപ്പെടുന്നതിന്റെ മുമ്പെ.

പരിശുദ്ധാത്മാവ് എന്നത് പൊതുവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നതും അതുപോലെ ആദരിക്കപ്പെട്ടിരിക്കുന്നതും അത് ദൈവീകമായ ഒരു വ്യക്തിത്വം ഉള്ളവൻ എന്നാണ്. അവർ അവനെ പൂർണ്ണമായിട്ട് അനുസരിക്കുകയും ചെയ്യുന്നു. വേറെ യാതൊരുവിധമായ ചിന്തകൾ കൂടാതെയും, അപ്രകാരം, അവർ പരിശുദ്ധമായ ആത്മാഭിഷേകത്തെ പ്രപിക്കുകയും അങ്ങനെ അവരൊക്കെയും കടന്നാക്രമണത്തിൽ കൂടി ജയം നേടുന്ന ഒരു വിശുദ്ധ സൈന്യം ആയിട്ട് മാറുകയും ചെയ്തു.

അല്ലയോ ദൈവമേ, ഒരിക്കൽ കൂടി അഗ്നിയെ അയയ്ക്കുക!

ഇവൻ റോബർട്ടിന്റെ പ്രാർത്ഥന

കർത്താവായ യേശുവേ ഞങ്ങളെ ഇപ്പോൾ സഹായിക്കുക പരിശുദ്ധാത്മാവിൽ കൂടി യേശുവിന്റെ ക്രൂശിനെ മുഖാമുഖമായിട്ട് ദർശിക്കുവാൻ തടസ്സങ്ങൾ ആയതൊക്കെയും എന്തായിരുന്നാലും അങ്ങയെ ശുശ്രൂഷിക്കുവാൻ ഞങ്ങൾ സമർപ്പിച്ചിരിക്കുകയാണ്. ഞങ്ങളെ സകലരേയും യേശുവിന്റെ രക്തത്തിൽ നിയന്ത്രണത്തിൽ ആക്കുക. അല്ലയോ, കർത്താവേ, ക്രിസ്തുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരിക്കേണമേ.. ഞങ്ങളുടെ സകല പഴയ കാലങ്ങൾ മുതൽ ഈ നിമിഷംവരേയും! യേശുവിന്റെ രക്തത്തിനായിട്ട് ഞങ്ങൾ നന്ദി നല്കുന്നു അങ്ങേയ്ക്ക്.!

യേശുക്രിസ്തുവിന്റെ നാമത്തിൽ പിശാചിനെ ബന്ധിക്കുക. ഈ നേരം ഞങ്ങൾ ക്രിസ്തുവിന്റെ ക്രൂശിനെ ഉയർത്തുന്നു. ഇത് ഞങ്ങളുടെ ക്രൂശാണ് അതിനെ യുദ്ധത്തിനായിട്ട് ഞങ്ങൾ എടുക്കുന്നു. യേശുവിന്റെ നാമത്തിൽ കൂടി ക്രൂശിനെ വെളിപ്പെടുത്തുക. അല്ലയോ സ്വർഗ്ഗത്തെ തുറക്കുക! ഞങ്ങളുടെമേൽ ഇപ്പോൾ ആരോഹണം ചെയ്യുക!

ഞങ്ങളുടെ ഹൃദയങ്ങളെ തുറന്ന് കീറുക---- കീറുക -- ഞങ്ങൾ ദാനം ചെയ്യുക. അപ്രകാരം ഒരു കാൽവറിയുടെ ദർശനത്തെയും അതിനാൽ ഞങ്ങളുടെ ഹൃദയങ്ങൾ തകരുകയും മുറിവേൽക്കുകയും ചെയ്യട്ടെ! അല്ലയോ കർത്താവേ, ഇപ്പോൾ പതിക്കട്ടെ.... ഇപ്പോൾ ഞങ്ങളുടെ ഹൃദയങ്ങൾ തുറക്കപ്പെടുകയും ഹൃദയം സ്വീകരിക്കപ്പെടുകയും ചെയ്യട്ടെ. ഞങ്ങൾക്കായിട്ട് പ്രദാനംചെയ്യപ്പെട്ട അതിനെ ഞങ്ങൾ വിഡ്ഢികളാക്കുന്നു -- അങ്ങേയ്ക്കായിട്ടു ഞങ്ങളെ വിഡ്ഢികളാക്കുക!

ഞങ്ങളെ എടുത്താലും, ആത്മാവും അതുപോലെ ശരീരത്തെയും ഞങ്ങൾ അങ്ങയുടേതാണ്. അങ്ങ് ഞങ്ങളെ വിലകൊടുത്തു വാങ്ങി. യേശുവിന്റെ നാമത്തിനായിട്ട് ക്രൂശിനെ വെളിപ്പെടുത്തുക - ലോകത്തെ കീഴട

(ശേഷം 8-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

ഒരു പരിശുദ്ധാത്മാവിന്റെ ഉണർവ്വിന്റെ ആവശ്യകത

ശരീരത്തിലെ ഓരോ അംഗങ്ങളും ആത്മാവിൽ നിറയപ്പെട്ടുകൊണ്ട്, ഒന്നാം നൂറ്റാണ്ടിലെ ജീവിതം നയിച്ചുകൊണ്ടു അതുപോലെ ആ ദിവസങ്ങളിലെ മാനസാന്തരം ആവർത്തിക്കപ്പെടുകയും വേണം. പാപികൾ കരയും, രക്ഷപ്രാപിക്കുവാൻ ഞങ്ങൾ എന്തു ചെയ്യണം?

പരിശുദ്ധാത്മാവു നമ്മെ നിറയ്ക്കുവാൻ ആഗ്രഹിക്കുകയാണ്. “ അല്ലെങ്കിൽ തിരുവെഴുത്തു വെറുതെ സംസാരിക്കുന്നു എന്നു തോന്നുന്നുവോ? അവൻ നമ്മിൽ വസിക്കുമാറാക്കിയ ആത്മാവു അസൂയെക്കായി കംക്ഷിക്കുന്നുവോ? ” (യാക്കോ. 4:5). ഇതിനു വേണ്ടിയാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ചത്. അതിൽ കൂടി ആ വഴി എല്ലാ വിശ്വാസികൾക്കും ആയിട്ടു തുറക്കപ്പെട്ടതും... “ ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം ” (എഫെ. 3:19).

ആത്മാവിൽ നടക്കുവാൻ നാം പ്രാർത്ഥിക്കേണ്ടി ഇരിക്കുന്നു. ആത്മാവിൽ പ്രാർത്ഥിക്കേണം, ആത്മാവിൽ ആരാധിക്കേണം, ആത്മാവിനാൽ നന്ദി നല്കേണം, ആത്മാവിന്റെ ഐക്യത കാത്തു സൂക്ഷിക്കേണം - ഇതൊക്കെയും സംഭവിക്കുന്നത് ആത്മാവു നിറയപ്പെട്ട പ്രിയപ്പെട്ടവരിൽ കൂടി ആണ്.

ആവശ്യം എന്നത് വളരെ വലുതാണ്, അത്യാവശ്യവും അതുപോലെ അനുപേക്ഷ്യവും ആണ്! ദൈവഹിതം അത് വളരെ വ്യക്തവും എല്ലവാർക്കും അറിയാവുന്നതുമാണ്. ക്രിസ്തുവിന്റെ ശരീരത്തിലെ ആരെങ്കിലും ആത്മാർത്ഥതയോടും വിശ്വാസത്തോടും കൂടിയും പ്രാർത്ഥിക്കുമെങ്കിൽ, “ അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു ” (1 യോഹ. 5:14). നാം പ്രാർത്ഥിക്കുമോ? നമുക്ക് പ്രാർത്ഥിക്കാം. യഹോവയായ കർത്താവു ഇപ്രകാരം അരുളിചെയ്യുന്നു; “ യിസ്രായേൽ ഗൃഹം എന്നോടു അപേക്ഷിച്ചിട്ടു ഞാൻ ഒന്നു കൂടെ ചെയ്യും; ഞാൻ അവർക്കു ആളുകളെ ആട്ടിൻകൂട്ടത്തെപ്പോലെ വർദ്ധിപ്പിച്ച് കൊടുക്കും ” (യെഹെ. 36:37). ❖

(2-ാം പേജിന്റെ തുടർച്ച)

ഉണർവ്വിന്റെ താക്കോൽ

ടുകൂടി അന്വേഷിക്കുകയും അങ്ങനെ വ്യക്തിപരവും അതുപോലെ പൊതുവായ വ്യാപകമായ ഉണർവ്വിനായിട്ട്? കർത്താവ് നോക്കുന്നത് നാം ഉണർവ്വിന്റെ പ്രധാന ഭാഗമായി തീരുമോ എന്നാണ്. ––എന്റെ ജനം... (2ദിന. 7:14).

ദൗർഭാഗ്യമെന്നു പറയട്ടെ, ധാരാളം പ്രീയപ്പെട്ടവർ പരതി നടക്കുന്നത് രാഷ്ട്രീയ പ്രവർത്തകരേയും അല്ലെങ്കിൽ നിയമനിർമ്മാണമോ ആണ് നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം ആയിട്ട് കാണുന്നത്. ഇതൊക്കെയും അവരുടെ സ്ഥലങ്ങൾ ആയിരിക്കുമ്പോൾ ആകെയുള്ള പ്രതീക്ഷ എന്നത് ആത്മാവിന്റെ ഒരു സാന്ത്വന സ്പർശനവും അതുപോലെ ധാർമ്മികമായ ഒരു നല്ല നിലവാരത്തിൽ സമൂഹം ആയിതീരുവാൻ നമുക്ക് ആവശ്യം ആയിരിക്കുന്നത് പരിശുദ്ധാത്മാവിന്റെ ഒരു പകർച്ചയാണ്. വാസ്തവത്തിൽ, വെയിൽസിലെ ഉണർവ്വിന്റെ പ്രത്യേകതകൾ ശ്രദ്ധിക്കുക: രാഷ്ട്രീയമായ സമ്മേളനങ്ങൾ ഒഴിവാക്കപ്പെട്ടും ആരും തന്നെ താല്പര്യപ്പെടാത്തതിനാൽ അവയെല്ലാം നായകന്മാരും, ലണ്ടനിലെ പാർലമെന്റിൽ നിന്നു ഉണർവ്വ് സമ്മേളനത്തിനായിട്ട് അവരൊയൊക്കെ ഒഴിവാക്കി. വേറൊരു തരത്തിൽ പറഞ്ഞാൽ ഉണർവ്വിനു രാഷ്ട്രീയക്കാരെ വേണ്ട, രാഷ്ട്രീയ പ്രവർത്തകർക്കാണ് ഉണർവ്വ് ആവശ്യം ആയിരിക്കുന്നത്. ഉണർവ്വ് ആരംഭിക്കുന്നത് ശേഷിച്ച ദൈവജനത്തിന് കർത്താവ് വളരെ ഗൗരവമുള്ളതായി തീരുവാൻ!

ഉണർവ്വിനു ആവശ്യം ആയിരിക്കേണ്ട ഘടകങ്ങൾ

അതിന് അവസാനമായിട്ട് ചുവടെ ചേർത്തിരിക്കുന്ന നാലു വ്യവസ്ഥകൾ ഇവാൻ റോബർട്ടസ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക, വെയിൽസിലെ ഉണർവ്വിന്റെ ഒരു നായകൻ പരിശുദ്ധാത്മാവിന്റെ പകർച്ചയ്ക്ക് ആവശ്യമായത്:

താങ്കളുടെ കഴിഞ്ഞ കാല ജീവിതത്തിൽ ദൈവത്തോടു ഏറ്റു പറയാത്ത ഏതെങ്കിലും പാപം ഉണ്ടോ? ഉടൻ തന്നേ താങ്കളുടെ മുഴുങ്കാലിൽ ഇരിക്കുക! താങ്കളുടെ പഴമ തീർച്ചയായിട്ടു ദൂരെ എറഞ്ഞിട്ടു വിശുദ്ധീകരണം പ്രാപിക്കുക.

താങ്കളുടെ ജീവിതത്തിൽ സംശയം ഉളവാക്കുന്ന ഏന്തെങ്കിലും ഉണ്ടോ - എന്തെങ്കിലും താങ്കൾക്ക് തീരുമാനിക്കുവാൻ സാധിക്കാത്തത് അത് നല്ലതെന്നോ, അല്ലെങ്കിൽ തിന്മയെന്നോ? അതിൽ നിന്ന് മാറി നില്ക്കുക! താങ്കളുടേയും ദൈവത്തിന്റെ മദ്ധ്യേ ഇത് തീർച്ചയായിട്ട് ഒരു മേഘപടലത്തെ സൃഷ്ടിക്കുവാൻ കാരണമായി തീരും. താങ്കൾ എല്ലാവരോടും ക്ഷമിക്കപ്പെട്ടിട്ടുണ്ടോ –– എല്ലാവരോ ടും അങ്ങനെ അല്ലെങ്കിൽ, താങ്കളുടെ പാപത്തിന്റെ ക്ഷമ ഒരിക്കലും പ്രതീക്ഷിക്കരുത്: താങ്കൾക്ക് അതു ലഭിക്കുകയില്ല. (മത്താ. 6:12, മർ. 11:25,26).

* പരിശുദ്ധാത്മാവ് താങ്കളെ പ്രചോദിപ്പിക്കപ്പെടുന്നത് തീർച്ചയായിട്ടും പ്രവർത്തിക്കുക. അനുസരണം — പ്രചോദനമായതു, സൂചീതമായത്, ചോദ്യം ചെയ്യാതെ പരിശുദ്ധാത്മാവിനെ അനുസരിക്കൽ.

* ഒരു പൊതുസമൂഹത്തിലുള്ള താങ്കളുടെ ഏറ്റുപറച്ചിൽ ക്രിസ്തു താങ്കളുടെ രക്ഷകനാണെന്ന്. വളരെ വ്യാപകമായ ഒരു വ്യത്യാസം മതസ്വീകാരത്തിന്റെയും ഏറ്റ പറച്ചിലിന്റെയും ഇടയിൽ

ഈ അവസാനത്തെ വ്യവസ്ഥ മനസ്സിൽ സൂക്ഷിച്ചുകൊണ്ടു, ഓർക്കുക, ശരിയായ ഉണർവ്വിൽ ക്രിസ്തു തന്നേ ആയിരിക്കേണം സകലത്തിന്റെയും കേന്ദ്ര സ്ഥാനത്ത്. പൂർണ്ണ ഹൃദയത്തോടുകൂടി അവിടുത്തെ മഹത്വത്തിനായിട്ട് ഉണർവ്വിനെ അന്വേഷിക്കാം❖

(3-ാം പേജിന്റെ തുടർച്ച)

ഉണർവ്വിനു വേണ്ടിയുള്ള ഒരു പ്രാർത്ഥന

നീതിയോടെ പ്രവർത്തിക്കുന്നവരും ആക്കി തീർക്കുക. യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ. ❖

(7-ാം പേജിന്റെ തുടർച്ച)

ക്കുവാൻ ശക്തിയുള്ള ആ ക്രൂശിനെ യേശുവിന്റെ രക്തത്തിൻ കീഴിൽ ഞങ്ങൾ ആക്കുക.

ഞങ്ങളെകുറിച്ച് മനുഷ്യർ എന്താണ് പറയുവാൻ സാധ്യതയുള്ളതെന്നുള്ളതിനെക്കുറിച്ച് അതിൽ നിന്ന് ഞങ്ങളെ തടയുക - ഓ-- സംസാരിക്കുക -- സംസാരിക്കുക -- സം സാരിക്കുക -- കർത്താവായ യേശുവേ! അങ്ങയുടെ വാക്കുകൾ തീർച്ചയായിട്ടും വീണ്ട് ആണ്. ഓ, ക്രൂശിനെ വെളിപ്പെടുത്തുക, പ്രിയപ്പെട്ട യേശുവേ — ക്രൂശിനെ അതിന്റെതായ ആ മഹത്വത്തിൽ അങ്ങയ്ക്കായിട്ട് ഞങ്ങളുടെ എല്ലാം ഹൃദയങ്ങളിലും വാഴുക!!

കർത്താവേ, മരിക്കുന്ന രക്ഷകനെ ദർശിക്കുവാൻ ഞങ്ങളെ സഹായിക്കുക. അന്ധകാരത്തിന്റെ നായകനെ കീഴടക്കുന്നവനെ ദർശിക്കുവാൻ ഞങ്ങളെ ശക്തരാക്കുക! അങ്ങയുടെ പുത്രനായിട്ടു വിജയം അവകാശപ്പെടുവാൻ ഇപ്പോൾ, കർത്താവേ! അവൻ വിജയം നേടുവാൻ യോഗ്യനാണ്.

അങ്ങ് സർവ്വശക്തനായ ദൈവം ആകുന്നു. ഓ വിജയം അവകാശപ്പെടുന്നു! അങ്ങയുടെ നാമത്തിനായിട്ട് സകല മഹത്വും ഞങ്ങൾ അർപ്പിക്കുന്നു. മറ്റാരും ഈ മഹത്വം സ്വീകരിപ്പാൻ യോഗ്യരല്ല എന്നാൽ അങ്ങ് സ്വീകരിച്ചാലും ഇത്, കർത്താവേ!

ഈ മീറ്റിംഗിൽ അങ്ങയുടെ പുത്രൻ മഹത്വപ്പെടട്ടെ! ഓ, പരിശുദ്ധാത്മാവു -- ഞങ്ങളിൽ കൂടി അങ്ങ് പ്രവർത്തിക്കേണമേ. അതുപോലെ ഇപ്പോൾ ഞങ്ങളിൽ ശക്തിയോടെ അവിടുത്തെ വാക്കുകൾ സംസാരിക്കട്ടെ, അങ്ങയുടെ നാമത്തിനായിട്ട് . ആമേൻ ആമേൻ.

❖

ഉണർവ്വ് പ്രാർത്ഥനകൾ കത്തിക്കുന്നു ഉണർവ്വിന്റെ അഗ്നിയെ

By Wesley L. Duewel

ഒരു ശാന്ത സ്വഭാവം ഉള്ള ഉത്സാഹിയായ നാല്പത്തി ആറു വയസ്സു പ്രായമുള്ള ബിസിനസ്സുകാരനായവനെ ജൂലൈ മാസം ഒന്നാം തീയതി, 1857-ൽ ഒരു മിഷണറിയായിട്ട് ന്യൂയോർക്കിലെ പട്ടണമദ്ധ്യത്തിൽ വച്ച് പള്ളിയിലേക്ക് നിയമിതനായി. ജെറമീയ ലാംബീയർ 1836-ൽ ബ്രോഡ്വേയ് ടാബർനാക്കിളിൽ വെച്ച് മാനസാന്തരപ്പെട്ടു.

ബിസിനസ്സുകാരുടെ പ്രാർത്ഥന മീറ്റിംഗുകളുടെ ഒരു വാരാന്ത്യ പ്രാർത്ഥനാ മീറ്റിംഗിൽ വച്ച് ഉച്ച സമയത്തിനുള്ളിൽ കൂടി ലാംബിയറിനെ ദൈവനിയോഗത്താൽ പങ്കെടുക്കുവാൻ സഹായിച്ചു. ആർക്കു വേണമെങ്കിലും ആ പ്രാർത്ഥന മീറ്റിംഗിൽ പങ്കെടുക്കുവാൻ ഉള്ള അനുവാദം ഉണ്ട്, കുറെ മിനിറ്റുകൾ അല്ലെങ്കിൽ മുഴുവൻ മണിക്കൂറിനു വേണ്ടിയോ. പ്രാർത്ഥനകൾ എല്ലാം തന്നെ താരതമ്യേനെ ലളിതമാണ്. ലാംബിയറിന്റെ കൂട്ടർ ന്യൂയോർക്കിൽ ഫുൽട്ടൻ സ്ട്രീറ്റിലെ ഓൾഡ് നോർത്ത് ഡച്ച് റിഫോർമിഡ് ചർച്ചിന്റെ മൂന്നാമത്തെ നിലയിൽ കൂടി എങ്ങനെയാണ് സാധാരണയായിട്ട് ഞാൻ പ്രാർത്ഥിക്കേണ്ടത്? എന്ന പേരിൽ ലാംബീയർ ഒരു ലഘുലേഘ അച്ചടിച്ച് അവിടെയെല്ലാം അറിയിപ്പുകൊടുത്തു. ഇതിൽ കുറെ ഓഫീസുകളിലും വെയർ ഹൗസിലും ഇട്ടിരുന്നു. തെരുവ് ഭാഗത്തുണ്ടായിരുന്ന പള്ളിയുടെ വാതിലിലും അവൻ അതിൽ ഒരെണ്ണം വെച്ചിരുന്നു.

1857-ൽ, സെപ്തംബർ 23-ാം തീയതി ഒന്നാം ദിവസം, ഒരു അരമണിക്കൂർ സമയത്തോളം ലാംബീയർ ഏകാനായിട്ട് ഇരുന്ന് പ്രാർത്ഥിച്ചു. എന്നാൽ ഇതിന്റെ അവസാന നിമിഷത്തിൽ, നാല് സഭാ വിഭാഗത്തിൽ നിന്നു ആറ് പുരുഷന്മാർ അവന്റെ കൂടെ കൂടി. അടുത്ത ബുധനാഴ്ചയിൽ അത് ഇരുപതായിട്ട് വളർന്നു. ഒക്ടോബർ ഏഴാം തീയതി അത് നാല്പതോളം ആയി. കൂടി വരവുകൾ അത് വളരെ അനുഗ്രഹിക്കപ്പെട്ടതുകൊണ്ട് അവർ ദിവസേന കൂടിവരുവാൻ തീരുമാനിച്ചു. ഒരു ആഴ്ച യ്ക്ക് ശേഷം അംഗങ്ങൾ നൂറോളം ആയി തീർന്നു. രക്ഷിക്കപ്പെടാത്തവരായ ചിലരും പരിശുദ്ധാത്മാവു അവരുടെ പാപത്തെ ബോധ്യപ്പെടുത്തിയതിനാൽ ആ മീറ്റിംഗിൽ വന്നു ചേർന്നിരുന്നു.

ഒരു മാസത്തിനുള്ളിൽ പാസ്റ്റർന്മാർ സാധാരണയായിട്ട് മദ്ധ്യാഹ്ന പ്രാർത്ഥനാ മീറ്റിംഗിൽ കൂടി വന്നിരുന്നവർ ഫുൾട്ടൻ സ്ട്രീറ്റിൽ അവരൊക്കെയും അവരുടെ സ്വന്തം പള്ളികളിൽ പ്രഭാത പ്രാർത്ഥന മീറ്റിംഗുകൾ ആരംഭിച്ചു. വളരെ വേഗം തന്നെ പ്രാർത്ഥന മീറ്റിംഗുകൾ ക്രമീകരിക്കപ്പട്ട സ്ഥലങ്ങളിലൊക്കെയും വലിയ ജനകൂട്ടങ്ങൾ വന്നു കൂടുവാൻ തുടങ്ങി. സകല സഭാവിഭാഗങ്ങളിൽ നിന്നു ധാരാളം പുരുഷന്മാരും സ്ത്രീകളും ചെറുപ്പക്കാരും അതുപോലെ പ്രായം ഉള്ളവരും സകലരും ഒരുമിച്ച് കൂടിചേർന്ന് പ്രാർത്ഥിക്കുകയും ചെയ്തു. യാതൊരു വിധമായ വേർതിരിവുകൾ കൂടാതെ. ക്രിസ്തുവിന്റെ സ്നേഹത്താലാണ് ആ മീറ്റിംഗുകളെല്ലാം കൂടി ചേർന്നിരുന്നത്. സഹവിശ്വാസികളോടുള്ള സ്നേഹത്താലും പ്രാർത്ഥനയ്ക്കായിട്ടുള്ള സ്നേഹത്താലും, സാക്ഷ്യം വഹിക്കുന്നതിനുള്ള സ്നേഹത്താലും അവർ നിറയപ്പെട്ടിരുന്നു. ആരൊക്കെയാണോ ആ കൂട്ടായ്മകളിൽ പങ്കെടുത്തിരുന്നത് അവരെല്ലാവരും ഭയങ്കരമായ ദൈവസാന്നിദ്ധ്യത്തിൽ നിറയപ്പെട്ടിരുന്നു. അവരൊക്കെയും ചിലർക്ക് വേണ്ടി പ്രാർത്ഥിച്ചു, മറുപടി പ്രതീക്ഷിച്ചിരുന്നു, അതുപോലെ ഉത്തരം ലഭിക്കുകയും ചെയ്തിരുന്നു.

വളരെ വ്യക്തമായിട്ട് പ്രവർത്തിച്ച അസാധാരണമായ പ്രാർത്ഥനയുടെ ആത്മാവിനാൽ അനവധി റിപ്പോർട്ടുകൾ വരുവാൻ തുടങ്ങി വാർത്താ പത്രങ്ങളിലും എല്ലാം. ഇതേ രീതിയിലുള്ള മീറ്റിംഗുകൾ അമേരിക്കയിലും സംഭവിക്കുവാൻ തുടങ്ങി മൂന്നു മാസത്തിനുള്ളിൽ ആയിരങ്ങൾ ഇങ്ങനെയുള്ള ആരാധനകളിൽ പ്രാർത്ഥിക്കുവാൻ തുടങ്ങി അവരുടെ സ്വന്തം ഭവനങ്ങളിൽ തന്നേ. ന്യൂയോർക്കിൽ, സുവിശേഷ പ്രതികൾ വിതരണം ചെയ്യുവാൻ തുടങ്ങി ആ മീറ്റിംഗുകളിൽ പങ്കെടുത്തിരുന്നവരുടെ ഇടയിൽ, ഒരു പ്രത്യേകമായ നിർദ്ദേശങ്ങൾ അവരെല്ലാവരും സുവിശേഷ പ്രതിയുടെ മേൽ കൈവച്ച് പ്രാർത്ഥിക്കുകയും അതിനു ശേഷം അത് ചിലർക്കൊക്കെയും നല്കുകയും അങ്ങനെ അവർ ദൈവസന്നിധിയിലേക്കു വരുന്നതിനും ആയിട്ട്.

ഫുൽട്ടൺ സ്ട്രീറ്റിലെ ചർച്ചിന്റെ മൂന്ന് മുറികൾക്ക് അതിന് ഉൾക്കൊള്ളുവാൻ സാധിക്കാത്ത നിലയിൽ ഒരു വലിയ ജനകൂട്ടത്താൽ നിറയപ്പെട്ടു, അതുപോലെ തന്നേ നൂറ് കണക്കിനു ആളുകൾ മറ്റുള്ള സ്ഥലങ്ങളിലേക്ക് പോകേണ്ടതായിട്ട് വന്നു. ഫെബ്രുവരി മാസത്തിന്റെ ആരംഭത്തിന്റെ മുമ്പെ തന്നെ അടുത്തുള്ള മെഥഡിസ്റ്റ് ചർച്ച് കൂടി പ്രാർത്ഥന മീറ്റിംഗുകൾക്കായിട്ടു തുറക്കപ്പെട്ടു, അത് വളരെ വേഗം തന്നേ ജനകൂട്ടത്താൽ നിറഞ്ഞുകവിഞ്ഞിരുന്നു. ബാൽക്കണികളെല്ലാം സ്ത്രീകളാൽ നിറയപ്പെട്ടിരുന്നു. മാർച്ച് 19-ാം തീയതി ഒരു തീയറ്റർ പ്രാർത്ഥനയ്ക്കായിട്ട് തുറക്കപ്പെട്ടു, മീറ്റിംഗ് ആരംഭിക്കുവാനുള്ള അര മണിക്കൂറിനു മുമ്പെ ജനക്കൂട്ടങ്ങൾക്ക് അവിടെ നിൽക്കാൻ സ്ഥലം പരിമിതിപ്പെട്ടതിനാൽ പുറത്തേക്കു പോയി. നൂറ് കണക്കിനു ജനങ്ങൾ പുറത്ത് സ്ട്രീറ്റിൽ നിൽക്കുവാൻ തുടങ്ങി എന്തുകൊണ്ടെന്നാൽ സ്ഥലപരിമിതിമൂലം. മാർച്ച് മാസത്തിന്റെ അവസാനത്താൽ ഏകദേശം ആറായിരത്തോളം ജനങ്ങൾ ദിവസവും പ്രഭാത പ്രാർത്ഥന കൂട്ടായ്മയ്ക്കായിട്ട് കൂടിവരുവാൻ തുടങ്ങി കഴിഞ്ഞു. ന്യൂയോർക്ക് സിറ്റിയിൽ. ധാരാളം പള്ളികളിൽ സന്ധ്യാ പ്രാർത്ഥന കൂടിവരവുകൾ ആരംഭിച്ചു. വേഗത്തിൽ തന്നേ നൂറ്റമ്പതോളം ഒരുമിച്ചുള്ള പ്രാർത്ഥന മീറ്റിംഗുകൾ മാൻഹാട്ടണിലും അതുപോലെ ബ്രൂക്ക് ലിയനിലും വ്യാപകമായ നിലയിൽ തുടങ്ങിക്കഴിഞ്ഞിരുന്നു.

ഫിലെദൽഫിയയിൽ ഫെബ്രുവരി മാസത്തിൽ മീറ്റിംഗുകൾ ആരംഭിച്ചു. പെട്ടെന്ന് തന്നേ ജയൻസ് ഹാളിലും ജനങ്ങളാൽ നിറയപ്പെട്ടു, അതുപോലെ മീറ്റിംഗുകൽ ഉച്ച സമയങ്ങളിലും പബ്ളിക് ഹാളിലും വീടുകളിലും അതുപോലെ കൂടാരങ്ങളിലും ആരംഭിക്കേണ്ടതായിട്ട് വന്നു.

പ്രാർത്ഥന കൂട്ടായ്മയുടെ ആവേശം

അതിന് സമാന്തരമായിട്ടു തന്നേ മദ്ധ്യാഹ്ന സമയത്തുള്ള പ്രാർത്ഥന മീറ്റിംഗുകൾ വളരെ ശക്തമായ നിലയിൽ വ്യാപിക്കപ്പെട്ടിരുന്നു. അമേരിക്കയിലെ ബുസ്റ്റണിലും ബാൽട്ടിമോറിലും, വാഷിംഗ്ടണിലും, ഡിസി.യിലെ റീച്ച് മൗണ്ടിലും, ചാൾസ് സറ്റണിലും, സാവാനാഹിലും, മോളറിലും,ന്യൂ ഓർലിയാൻസിലും സെന്റ് ലൂയിസിലും, പിറ്റ്സ്ബർഗ്ഗിലും, ചിക്കാഗോയിലും അതുപോലെ തന്നേ ജനകൂട്ടങ്ങൾ ഉള്ള മറ്റുള്ള സിറ്റികളിലും ഠൗണുകളിലും, വിദൂര പ്രദേ

(ശേഷം 10-ാം പേജിൽ)

ശങ്ങളിലും നാലാം മാസത്തിന്റെ അവാസനമായിട്ട്, പ്രാർത്ഥന ഉത്സാഹം അത് രാജ്യത്തിൽ മുഴുവനായിട്ട് വളരെ തീവ്രതയോടെ കത്തി ജ്വലിച്ചിരുന്നു. അത് വളരെ ഭയങ്കരമായ വിധത്തിലുള്ളതായിരുന്നു. എന്നാൽ മഹത്വപൂർണ്ണമായ സർവ്വാധികാരിയായവന്റെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളുടെ പ്രദർശനവും അതിന് സമാന്തരമായിട്ട് ജനത്തിന്റെ അനുസരണമനോഭാവം ദൈവത്തോടുള്ള ബന്ധത്തിലും ഇതെല്ലാം വളരെ നിസ്തുല്യങ്ങളാക്കി തീർത്തു.

അമേരിക്കയിലാകട്ടെ വിശ്വാസത്തിന്റെ പ്രാർത്ഥനയുടെ ഒരു പുതിയ അദ്ധ്യായത്തിന്റെ തുടക്കം ആണ് കുറിക്കപ്പെട്ടതു. പണ്ഡിതരും പാമരരും, സമ്പന്നരും ദരിദ്രരും ബിസിനസ്സ് നേതാക്കന്മാരും സാധാരണ മനുഷ്യരും എല്ലാവരും പ്രാർത്ഥിച്ചു, വിശ്വസിച്ചു അതുപോലെ പ്രാർത്ഥനയുടെ മറുപടി പ്രാപിക്കുകയും ചെയ്തിരുന്നു. ചുരുക്കി പറഞ്ഞാൽ അമേരിക്കൻ പ്രസിഡന്റ് ഉൾപ്പെടെ ഉള്ളവർ, ഫ്രാങ്കളിൻ പീയർസ്, ധാരാളം മദ്ധ്യാഹ്ന സമയത്തുള്ള പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തിരുന്നു. ഇവിടെയുള്ള മീറ്റിംഗുകളിൽ വളരെ ശക്തിയോടുള്ള പ്രസംഗങ്ങൾ ഇല്ലായിരുന്നു. ഇത് ഒരു കാലഘട്ടത്തിലുള്ളവരുടെ വളരെ ആത്മാർത്ഥതയോടു കൂടിയതും, ശക്തിയുള്ളതും അധികം ബലമുള്ളതുമായ ഒരു പ്രാർത്ഥന കൂട്ടായ്മ ആയിരുന്നു.

സർവ്വ ജനങ്ങളും ആഗ്രഹിച്ചിരുന്നു ഒരു സ്ഥല പ്രാർത്ഥനയ്ക്കായിട്ടു. പാപികൾ എല്ലാവരും പ്രാർത്ഥന ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആരെങ്കിലും ഒക്കെ വ്യക്തിപരമായിട്ട് അവർക്കായിട്ട് പ്രാർത്ഥിച്ചിരുന്നു. മിനിറ്റുകളിൽ തന്നേ ആ പുതിയ വ്യക്തി രക്ഷിക്കപ്പെടുകയും ക്രിസ്തുവിന്റെ സന്നിധിയിൽ സന്തോഷിക്കുകയും ചെയ്തിരുന്നു. രാജ്യത്തിന്റെ സകല ഭാഗങ്ങളിലും പ്രാർത്ഥനകൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ചിലരുടെ ഒക്കെയും രക്ഷിക്കപ്പെടാത്ത സുഹൃത്തുകൾക്കും അതുപോലെ തന്നേ പ്രിയപ്പെട്ടവർക്കുമായിട്ടു ഒരു ദിവസത്തിലോ അല്ലെങ്കിൽ അടുത്ത ദിവസത്തിലോ, എപ്രകാരം ആണ് പ്രാർത്ഥന സ്വീകരിച്ച് അതിന്മേൽ ദൈവപ്രവൃത്തി സംഭവിക്കപ്പെട്ടതായിട്ടുള്ള സാക്ഷ്യങ്ങൾ വന്നുകൊണ്ടിരുന്നു. ചില ഠൗണുകളിൽ, ഏകദേശം സകല ജനങ്ങളും രക്ഷിക്കപ്പെട്ടിരുന്നു, അത്രമാത്രം ആയിരുന്നു ദൈവപ്രവൃത്തി.

ലാംബിയറിന്റെ പ്രാർത്ഥന മീറ്റിംഗിൽ ഏകദേശം ആറു മാസത്തിനു മുമ്പേ കുറെപ്പേർ പ്രാർത്ഥന കൂട്ടായ്മയ്ക്കായിട്ടു കൂടി ചേർന്നിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ ഒരു പ്രാർത്ഥനയുടെ ആത്മാവ് ആ ദേശത്തിന് മേൽ പ്രവർത്തിക്കുവാൻ തുടങ്ങി കഴിഞ്ഞു. എന്നിരുന്നാലും പള്ളി അതിന്റെ ശരിയായ ശക്തിയെ തിരിച്ചറിയുവാൻ തുടങ്ങി കഴിഞ്ഞിരിക്കുകയാണ്. ധാരാളം പള്ളികളിൽ വളരെ ശക്തമായിട്ടു സഭാവിഭാഗങ്ങളിലെല്ലാം തന്നേ അനുഭവിച്ച് അറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു പുതിയ നിലവാരത്തിലുള്ള പ്രാർത്ഥനയുടെ വ്യാപ്തിയെ കുറിച്ച്.

ദ പ്രസ്ബിറ്റേറിയൻ മാഗസിനിൽ രേഖപ്പെടുത്തിയത് ഉണർവ്വിന്റെ പരിണിതഫലമായിട്ടു മെയ് മാസത്തിൽ അമ്പതിനായിരത്തോളം പുതിയ മാനസാന്തരങ്ങൾ സംഭവിക്കാപ്പെട്ടിരിക്കുന്നു എന്നാണ്. ഫെബ്രുവരിയിൽ ന്യൂയോർക്കിലെ ഒരു മെദഡിസ്റ്റ് മാഗസിനിൽ രേഖപ്പെടുത്തിയത് ഇപ്രകാരം ആണ് ഒരു ആഴ്ചയിൽ നടന്ന മെദഡിസ്റ്റ് മീറ്റിംഗിൽ വച്ച് എണ്ണായിരത്തോളം പുതിയ മാനസാന്തരങ്ങൾ നടന്നിരുന്നു അന്ന് അവിടെ കൂടിയിരുന്ന മുഴുവൻ ജനസംഖ്യയിൽ നിന്ന് എന്നുള്ളതാണ്. ലൂയിസ് വില്ല പത്രത്തിൽ രേഖപ്പെടുത്തിയിരുന്നത് പതിനേഴായിരത്തോളം ബാപ്റ്റിസ്റ്റ് മാനസാന്തരങ്ങൾ നടന്നിരുന്നു. മാർച്ച് മാസത്തിലെ മൂന്നു ആഴ്ചകളിൽ നടന്നിരുന്ന മീറ്റിംഗുകളിൽ നിന്ന് എന്നാണ്. ജൂണിലെ കണക്കിൻ പ്രകാരം ഏകദേശം മാനസാന്തരത്തിന്റെ കണക്ക്. അതുവരെ യും തൊണ്ണൂറ്റി ആറായിരത്തി ഇരുനൂറ്റി പതിനാറു എന്നു അതിന്റെ എണ്ണം മുന്നോട്ടുള്ള സമയങ്ങളിൽ ക്രമാതീതമായ നിലയിൽ വർദ്ധിച്ചുകൊണ്ടിരുന്നു എന്നുള്ളതാണ്.

ഉണർവ്വിന്റെ വ്യാപനങ്ങൾ

വളരെ മഹത്തായ ഉണർവ്വ് ആയ 1857 - 59-ന്റെ സിറ്റികളിൽ തുടക്കം കുറിച്ചത്, വളരെ വേഗം തന്നേ അത് വളർന്ന് വ്യാപിക്കപ്പെട്ടു ഠൗണുകളിലും, ഗ്രാമങ്ങളിലും അതുപോലെ വിദൂരമായ ദേശങ്ങളിലും എല്ലാം. ഇത് സ്കൂളിലും കോളേജുകളിലേക്കു ഉണർവ്വിനെ കൊണ്ടുവന്നു. ഉണർവ്വിന്റെ ഉച്ചസ്ഥായിയായിരുന്നു ഏകദേശം ആറ് മുതൽ എട്ട് ആഴ്ചവരെയും, ആഴ്ചകളിൽ അമ്പതിനായിരത്തോളം ജനങ്ങൾ പുതിയതായിട്ട് രക്ഷിക്കപ്പെട്ട് സഭയോടു ചേർന്നിരുന്നു. ശരാശരിയായ മുഴുവൻ രണ്ടു വർഷക്കാലം എല്ലാ ആഴ്ചക ളിലും പതിനായിരത്തോളം മാ നസാന്തരപ്പെട്ടവർ സഭകളോ ടു ചേരുവാൻ തുടങ്ങിയിരുന്നു.

വാഷിംഗ്ടൺ നാഷനൽ ഇന്റലിജൻസർ- ന്റെ രേഖപ്പെടുത്തൽ പ്രകാരം ന്യൂ ഇംഗ്ലണ്ടിന്റെ ഠൗണുകളിൽ രക്ഷിക്കപ്പെടാത്തതായ ആരേയും തന്നേ അവിടെങ്ങും കണ്ടിരുന്നില്ല എന്നാണ്. തുടച്ചുവാരുന്ന ഒരു ഉണർവ്വിന്റെ ശക്തമായ പ്രവാഹത്തെയാണ് സംസ്ഥാനങ്ങൾ തോറും കണ്ടത്.

ദിവസംതോറും ഉള്ള പ്രാർത്ഥനാ കൂട്ടായ്മകളുടെ റിപ്പോർട്ടിൻ പ്രകാരം ഉള്ള ചില വസ്തുക്കൾ ഇതൊക്കെയായിരുന്നു: മസാച്ചുസെറ്റ്സിലെ നൂറ്റമ്പത് ഠൗണുകൾ, ന്യൂയോർക്കിൽ, ഇരുനൂറോളം, ന്യൂജേയ്സിലെ അറുപതോളം, പെൻസിൽവാനിയിലെ അറുപത്തഞ്ച് ഒഹരിഒയിലെ ഇരുനൂറ്, ഇൻഡ്യാനയിൽ നൂറ്റമ്പത്, ഇല്ലനോയിസിൽ നൂറ്റമ്പത്, മിസ്സോറിൽ അൻപത് ഐഒവായിൽ അറുപത് ആയിരുന്നു. മുപ്പത് ദശലക്ഷത്തോളം ജനങ്ങൾ പാർത്തിരുന്ന അമേരിക്കയിൽ ഉണർവ്വിന്റെ കാലഘട്ടത്തിൽ ഏകദേശം ഇരുപത് ദശലക്ഷം ജനങ്ങളും ക്രിസ്തുവിനാൽ പിടിക്കപ്പെടുകയും മാനസാന്തരപ്പെടുകയും ചെയ്തിരുന്നു. ധാർമ്മികമായി സംഭവിക്കപ്പെട്ട വ്യതിയാനങ്ങൾ വളരെ എടുത്തുപറയത്തക്കതായ ഒരു ചരിത്രപരമായ വസ്തുതയാണ്. രാജ്യത്ത് ഉടനീളം സംഭവിക്കപ്പെട്ടത് ലൂയിസ് വില്ല, കെൻടുക്കി, ദൈനം ദിനപത്രം രേഖപ്പെടുത്തിയിരിക്കുന്നത് സഹസ്രാബ്ദ വർഷം വന്നിരിക്കുന്നു എന്നാണ്.

1857 - 59 വർഷങ്ങളിലെ ഉണർവ്വ് യാതൊരു കാരണവശാലും ഒരു അഹങ്കാരം ഉന്നയിക്കുന്നില്ല. അതായത് ഇതിന് കാരണം ആരുടെയും ഒരുമിച്ചുള്ള (സംഘടിതമായ) പ്രവർത്തനത്താലോ, പ്രത്യേക ഘടനകളാലോ, അല്ലെങ്കിൽ ഉണർവ്വിന്റെ വ്യക്തികളാലോ സംഭവിക്കപ്പെട്ടതാണെന്ന്. വ്യത്യസ്തങ്ങളായ പ്രാർത്ഥന മീറ്റിംഗുകളെ ഏകോപിക്കുവാനുള്ള യാതൊരു വിധമായ കോഓർഡിനേഷൻ സമ്പ്രദായങ്ങളും അന്നു നിലവിൽ ഇല്ലായിരുന്നു. അവരുടെ ഇടയിൽ എന്നുള്ളത് പ്രത്യേകതയാണ്. ന്യൂ ഇംഗ്ലണ്ടിന്റെ സ്ഥലങ്ങളിൽ ഫിന്നിയുടെ ചില ക്രമീകരണങ്ങളിൽ ഉണർവ്വിനായിട്ടുള്ള സുവിശേഷകരെ ക്രമീകരിക്കപ്പെട്ടതല്ലാതെ വേറെ ഒരു ഉണർവ്വ് ഇവാഞ്ചലിസ്റ്റുകളും ഇല്ലായിരുന്നു. ഇത് ജനങ്ങളിൽ രൂപീകരിക്കപ്പെട്ടതോ

(ശേഷം 10-ാം പേജിൽ)

അല്ലെങ്കിൽ നയിക്കപ്പെട്ടവരോ അല്ലാത്ത ഒരു വലിയ പ്രവർത്തനം ആയിരുന്നു.

ഇത് ഒരു സാധാരണക്കാരുടെ മാറ്റം ആയിരുന്നു. കഴിയമെങ്കിൽ ധാരാളം പാസ്റ്റർമാരും സന്ബന്ധിച്ചിരുന്നു ഈ മീറ്റിംഗുകളിൽ, എന്നാൽ അവർ ആരും തന്നേ കൂടിവരവുകളെ നിയന്ത്രച്ചിരുന്നില്ല. ബിഷപ്പുന്മാർ വളരെയധികം ഈ മീറ്റിംഗുകളെ പ്രോത്സാഹിപ്പിക്കുകയും അതിൽ പങ്കെടുക്കുവാൻ താല്പര്യപ്പെട്ടും ഇരുന്നു. എന്നാൽ അവരും കൂടിവരവുകളുടെ അദ്ധ്യക്ഷ സ്ഥാനം അലങ്കരിക്കുകയോ നേതൃത്വം ഏറ്റെടുക്കുകയോ ചെയ്തിരുന്നില്ല. ചുരുക്കം ആയിട്ട് ആർക്കു നയിക്കാം, പ്രത്യേകമായ പ്രാർത്ഥനകൾ, സുഹൃത്തുക്കൾക്ക് വേണ്ടി പ്രാർത്ഥന ആവശ്യപ്പെട്ടിരുന്നു. ഒരു സ്തോത്ര സങ്കീർത്തനത്തിന്റെ ഒരു വചനത്താൽ ആരംഭം കുറിച്ചിരുന്നു. ഇത് ഒരു ആത്മ പ്രചോദനത്തിന്റെ ഒരു ഗതിപോക്ക് ആയിരുന്നു. ആത്മ - നിയോഗത്താലുള്ള ഒരു പ്രാർത്ഥന. ജനങ്ങൾ കാണുവാനോ അല്ലെങ്കിൽ കാഴ്ചയ്ക്കായിട്ടോ ഈ പ്രാർത്ഥന കൂടിവരവുകളിൽ പങ്കെടുത്തിരുന്നില്ല. ❖

ശരിയായ ഉണർവ്വുകളും അതുപോലെ ദൈവപ്രവൃത്തികളുടെ വഴികളും

By Horatius Bonar

ലോകം ഗാഢമായ ഉറക്കത്തിലാണ്, മരണത്തിന്റെ ഉറക്കത്തിൽ. ധാരാളം തലമുറകളുടേതും, ചിലപ്പോഴൊക്കെ യും ആഴത്തിലുള്ളതും .ചിലപ്പോഴൊക്കെയും ലഘുവായതും എന്നിട്ടും തുടർന്നുകൊണ്ടിരിക്കുകയാണ്. കല്ലറയിലെ പോലെ ഉള്ള ഒരു മയക്കത്തിൽ. എല്ലാവരും അതിന്റെ അവസാനത്തെ കാഹള ശബ്ദത്തിനായിട്ട് വിധിക്കപ്പെട്ടിരിക്കുന്നതു പോലെ അത് ഇങ്ങനെ തുടർന്നു കൊണ്ടിരിക്കുകയാണ്, അങ്ങനെ അവിടെ ഇനിയും ഉറക്കം ഉണ്ടാകുന്നില്ല.

എന്നിട്ടും ദൈവം അവിടുന്ന് അതിനെ ഉപേക്ഷിച്ചിരിക്കുന്നില്ല. മുന്നറിയിപ്പ് കൂടാതെ അതിന്റെ ഉറക്കത്തിൽ തുടരുവാൻ. അവിടുന്ന് സംസാരിക്കപ്പെട്ടിരിക്കുകയാണ്. ഒരു ശബ്ദത്തിൽ അതു തീർച്ചയായിട്ടും എത്തിച്ചേരും. എല്ലാ കേൾവി ശക്തിയില്ലാത്ത ചെവികളിലും അതുപോലെ തണുത്തുറച്ച ഹൃദയങ്ങളെയും ഉദ്ദീപിപ്പിക്കുവാനായിട്ട്. പതിനായിരം സമയം അവിടുന്നു സംസാരിച്ചിരിക്കുകയാണ്. ഇപ്പോഴും അവിടുന്നു സംസാരിക്കുന്നു. എന്നാൽ ഈ ലോകം ആകട്ടെ അതു കേൾക്കാൻ താല്പര്യപ്പെടുന്നില്ല. ഇതിന്റെ ബൃഹത് സംഖ്യയുടെ മയക്കത്തിൽ, ഈ മരണത്തിന്റെതായ ഉറക്കം അത് അതിന്റെ വളരെ അനുഗ്രഹാശീർവാദത്തിലാണ്.

എന്നിട്ട് ഇവിടെ ഒരുവനും മനസ്സിലാക്കുവാൻ ശ്രമിക്കുന്നില്ല. ഈ ലോകത്തിന്റെ ഉറക്കം അത് സാർവ്വത്രികമായതാണെന്ന്. ഇതിന് അതിന്റേതായ പ്രായമോ കാലഘട്ടമോ ഇല്ലാത്തതിനാൽ അതിനെ ആരും ഉണർത്തുവാനും ഇല്ല. ജനകൂട്ടം എല്ലായ്പ്പോഴും ഉറങ്ങിപ്പോയി, എന്നിരുന്നാലും അവിടെ ഉണർന്നിരിക്കുന്ന ഒരു ചെറിയ കൂട്ടം ഉണ്ട്. ചുരുക്കത്തിൽ ലോകത്തിന്റെ ഗാഢമായ അർദ്ധ രാത്രിയുടെ ഉറക്കത്തിൽ. എല്ലായ്പ്പോഴും പ്രകാശത്തിന്റെയും അതുപോലെ ദിവസവും തന്റെ മക്കൾ ഉറങ്ങാതെ ദൈവത്തിന്റെ ശബ്ദം അവരിൽ എത്തിച്ചേർന്നിരിക്കുകയാണ്. അതുപോലെ തന്നേ അവിടുത്തെ ശക്തിയുള്ള ബലത്താൽ അവരെ എല്ലാം ഉയർത്തിയിരിക്കുകയാണ്, അപ്രകാരം തന്നേ അവർ ലോകത്തിൽ നടക്കുകയും ചെയ്യുന്നു. ഉറക്കത്തിൽ ആയിരിക്കുന്നവരുടെ ഇടയിൽ നിന്നു ഉണർത്തി എഴുന്നേൽപ്പിക്കുവാൻ, മരിച്ചവരുടെ ഇടയിൽ നിന്നു ജീവിപ്പിക്കുവാൻ.

അപ്പോൾ, ദൈവത്തിന്റെ ശബ്ദം ഉണർത്തുമ്പോൾ അത് ഒരുവനെ അല്ല പ്രത്യുത ആയിരങ്ങളെ ഉണർത്തുന്നു, ഇത് ഒരു ദിവസത്തിനുള്ളിൽ തന്നേ ആവാം, എപ്പോഴാണോ സകല ഗ്രാമങ്ങളിലും അതുപോലെ ജില്ലകളിലും കാണപ്പെടുന്ന ഒരു പുതിയ ജീവിതത്തെ ഉയർത്തികൊണ്ടു എത്രയോ തീവ്രതയോടെ, എത്രയോ പറയുവാൻ താല്പര്യത്തോടെ! അങ്ങനെയുള്ള ഒരു പ്രതിസന്ധിയെയാണ് കാണുന്നത്. അതായത് ലോകം അതിൽ തന്നെ വാസ്തവത്തിൽ ഉണർവ്വിനുള്ള ആരംഭം ആയിരുന്നുവെങ്കിൽ, ഈ ഞെട്ടൽ അനവധിയായ ഉറക്കത്തിലിരിക്കുന്നവരെ തകർക്കുകയും മുഴുവൻ ലോകത്തേ യും അവർ ഒരുമിച്ച് ഒന്നു കുലുക്കുകയും ചെയ്യുമായിരുന്നു.

സഭാചരിത്രത്തിൽ നിറഞ്ഞു നിൽക്കുകയാണ് ഇങ്ങനെയുള്ള ഉണർവ്വുകൾ, ചിലത് ഒക്കെയും വളരെ താണ നിലവാരത്തിലും തീർച്ചയായിട്ടും, സത്യത്തിലുള്ള സഭാ ചരിത്രത്തിന്റെ രേഖപ്പെടുത്തലുകളിൽ നിന്നും, നാം നമ്മുടെ ചില ആശയങ്ങളും പ്രചോദിതമായ സഭാ ചരിത്രത്തിൽ നിന്നു സ്വീകരിക്കുകയും ചെയ്തിരുന്നുവെങ്കിൽ അതേ നമുക്ക് നല്കപ്പെട്ട അപ്പോസ്തല പ്രവർത്തിയിൽ നിന്ന്.

പെന്തക്കോസ്തു ദിനം മുതൽ നമ്മുടെ ഈ ദിനങ്ങൾ വരേയും സംഭവിക്കപ്പെട്ടിരിക്കുന്ന അനവധിയായ അത്ഭുതങ്ങളുടെ സംഭവവികാസങ്ങൾ ക്ക് സാക്ഷ്യം വഹിക്കുന്നതിനാലും, അതുപോലെ തന്നേ എന്ന് നമ്മ യോഗ്യതയായിട്ടു ഉണ്ട് ഈ ശ്രദ്ധയെ ക്ഷണിക്കലിനു അതുപോലെ വിശ്വാസിയുടെ പഠനത്തിനു പരിശുദ്ധാത്മാവിന്റെ ഇങ്ങനെയുള്ള കവിഞ്ഞ് ഒഴുക്കിനെ കുറിച്ചുള്ള ഒരു നല്ല ശേഖരണം ഉള്ളതിനേക്കാൾ അധികം ശ്രേഷ്ഠകരം ആയത്? കൂടാതെ ഈ രണ്ട് താല്പര്യങ്ങൾ അവരെ പിളർക്കുകയാണ്. അതിൽ നിന്ന് കുറെ കൂടി പഠിക്കുന്നതിന് അവരിൽ നിന്ന് സഭക്ക് എപ്രകാരമാണ് ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് കാണുവാനും, അതുപോലെ അതിനായിട്ട് ഉപയോഗിക്കപ്പെട്ട വ്യത്യസ്തങ്ങളായ ഘടകങ്ങളും ഉപകരണങ്ങളും അവിടെ പ്രവർത്തിക്കായിട്ട് അവിടെ നിന്നു പ്രയോജനപ്പെടുത്തിയതിന്, ഉപകാരപ്രദം ആകാതെ പരാജയപ്പെടുത്തിയത്, ഉപകാരപ്രദം ആകാതെ പരാജയപ്പെടുകയോ ചെയ്യാതെ അതുപോലെ വേഗത്തിലും പ്രവർത്തിക്കപ്പെട്ടു. ഇത് നമ്മെ സഹായിക്കുന്നു നമ്മുടെതായ തെറ്റുകുറ്റങ്ങളെ കണ്ടെത്തുന്നതിനും അതുപോലെ ഇത് വെളിപ്പെടുത്തുകയും ചെയ്യുന്നു. ഒരുക്കപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങളിലേക്കു പ്രവേശിക്കുന്നതിനുള്ള പാതയിൽ നമുക്ക് എത്തിച്ചേരുവാൻ.

ദൈവത്തിന്റെ എടുത്തു പറയത്തക്ക പ്രവൃത്തികൾ

ഒരു വിശദീകരണംപോലെ എത്രയോ എടുത്തുപറയത്തക്കതാണ് ദൈവത്തിന്റെ പ്രവർത്തികൾ ആയിരിക്കുന്നത്. അതുപോലെ മനുഷ്യന്റെതല്ലാത്തതും ജോനാഥാൻ എഡ്വേർഡിന്റെ പ്രശ്നതമായ **A Narrative of surprising conversions** ന്റെ ഭാഗങ്ങൾ ഇവിടെ കൂട്ടിചേർക്കാതെ കഴിയുകയില്ല. **(Related to the Revival in Northamption, Massachusetts beginning in 1737).**

ഇത് എപ്രകാരം നിരീക്ഷിക്കേണ്ടി ഇരിക്കുന്നു, ഇത്രയും എടുത്തു പറയത്തക്കതായ ഈ ദിവസത്തിൽ, വളരെ ആഴത്തിലുള്ള പരിഗണയുടെതായ

(ശേഷം 12-ാം പേജിൽ)

(11-ാംപേജിന്റെ തുടർച്ച)

ശരിയായ ഉണർവ്വുകളും അതുപോലെ ദൈവപ്രവൃത്തികളുടെ വഴികളും

ഒരു ആവശേത്താൽ വ്യക്തികൾ പിടിക്കപ്പെട്ടിരിക്കുന്നു. ചിലരൊക്കെയും ഭവനങ്ങളിലും വേറെ ചിലരൊക്കെയും ഹൈവേയിലുമാണ്; ചിലരൊക്കെയും വനങ്ങളിലും ചിലരൊക്കെയും സംഭാഷണത്തിലും ചിലരൊക്കെയും വിളിക്കപ്പെട്ടവരും ആണ്; ചിലരൊക്കെയും കുട്ടികളും ചിലരൊക്കെയും പ്രായമുള്ള വയോജനങ്ങളും ആണ്. അവരൊക്കയും ചില സന്ദർഭങ്ങളിൽ ഒരു പെട്ടെന്നുള്ള ഒരു ശക്തമായ ആത്മഭാരത്താൽ കൂട്ടി വരുത്തുകയും, മറ്റുള്ള ലോകത്തിലെയും അതുപോലെ നിത്യതയുടെതായ വാസ്തവത്തിന്റെ മഹത്തായ യാഥാർത്ഥ്യങ്ങളെ കുറിച്ചുള്ള ഒരു വികാരത്തിൽ നിന്ന് ചിലത് അവർക്ക് ചിന്തിക്കേണ്ടിയിരുന്നു.

എന്നാൽ അങ്ങനെയുള്ള വസ്തുതകളിൽ നിന്ന്, എനിക്ക് പഠിക്കുവാൻ കഴിയുന്ന അത്രത്തോളം പതിവായിരുന്നു, എല്ലായിപ്പോഴും ആയിരുന്നുവെങ്കിൽ, മനുഷ്യരുടെ മേൽ തോന്നിപ്പിച്ചു ദൈവത്തിന്റെ വചനത്തിന്റെമേലും അല്ലെങ്കിൽ ആത്മീക വസ്തുതകളുടെ മേലും അവരുടെ മനസ്സുകളെ പ്രയോഗിച്ചപ്പോൾ വളരെ പ്രധാനപ്പെട്ട ഭാഗം എന്നത്, പൊതുവിൽ വചനത്തെ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ അത് ഈ നിലനില്ക്കുന്ന തോന്നലുകൾ അവരെ വളരെ വേഗത്തിലാക്കി തീർക്കുമായിരുന്നു.

ഒരു മഹത്വകരവും അതുപോലെ ആത്മാർത്ഥതയുടെതുമായ കാഴ്ചപ്പാട് മതത്തിന്റെതായ മഹത് വസ്തുതകളെയും അതുപോലെ അനന്തമായ ലോകത്തെ കുറിച്ചും, ഗൗണിന്റെ എല്ലാ ഭാഗങ്ങളിലും സാർവ്വത്രികം ആയി തീർന്നതു, അതുപോലെ എല്ലാ നിലവാരത്തിലും ഉള്ള മനുഷ്യരുടെ ഇടയിലും പ്രായത്തിലും ഉണങ്ങിയ അസ്ഥികളുടെശബ്ദം അധികം ഉച്ചത്തിൽ ശക്തമായ ശബ്ദത്തിൽ പ്രതിധ്വനിക്കപ്പെടും. മറ്റുള്ള സംസാരവും എന്നാൽ ആത്മീകവും നിത്യതയെക്കുറിച്ചുള്ള വസ്തുതകളെകുറിച്ച്, വേഗത്തിൽ എടുത്ത് എറിയപ്പെട്ടിരുന്നു.

ജനങ്ങളുടെ മനസ്സുകൾ അത്ഭുതകരമായിട്ട് ലോകത്തിൽ നിന്നു എടുത്തു മാറ്റിയിരുന്നു; ഞങ്ങളുടെ ഇടയിൽ വളരെ ചെറിയ പരിണിതഫലങ്ങളുള്ള ഒരു കാര്യം ആയിട്ടാണ് അവ കാണപ്പെട്ടത്. ലോകത്തിന്റെതായ വ്യാപാരങ്ങളെ പിൻതുടരുന്നഅവരുടെ ചുമതലകളുടെ ഭാഗമായിട്ടു മറ്റുള്ള ഏതു കാര്യാദികളെയും താല്പര്യത്തോടെ പ്രവർത്തിക്കുന്നതിനെക്കാൾ അധികം ആയിട്ടു ആയിരുന്നു. അവരുടെ ദൃഷ്ടിപഥത്തിൽ ഉണ്ടായിരുന്നത്. ഒരേ ഒരു കാര്യം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കപ്പെടുന്നതിനെ കുറിച്ചുള്ളതായിരുന്നു. എല്ലാവരും അതിലേക്കു വളരെ ആകർഷിക്കപ്പെട്ടവരായിട്ടാണ് പ്രത്യക്ഷപ്പെട്ടിരുന്നത്.

ഈ ഒരു പ്രവൃത്തിക്കായിട്ടുള്ള അവരുടെ ഹൃദയം കൊണ്ടുള്ള അവരുടെ താല്പര്യം അത് യാതൊരു കാരണവശാലും മറെച്ചു വയ്ക്കുവാൻ സാധിക്കുന്നതല്ല. അത് അവരുടെ മുഖഭാവത്തിൽ തന്നെ തെളിയിക്കപ്പെട്ടിരുന്നു. ഞങ്ങളുടെ ഇടയിൽ ഇത് വളരെ ഭീതി ജനകമായ ഒരു വസ്തുത ആയിരുന്നു. ക്രിസ്തുവിൽ നിന്നു മാറി പോകുക എന്നത്, വളരെ അപകടകരം ആയിരുന്നു പാതാളം (നരക) ത്തിലേയ്ക്കു വലിച്ചിഴയ്ക്കുക എന്നത്. എന്താണോ ജനങ്ങളുടെ മനസ്സുകളിൽ ഉദ്ദേശിക്കപ്പെട്ടിരുന്നത് അത് അവരുടെ ജീവിതങ്ങളെ രക്ഷിക്കുകയും അതുപോലെ വരുവാനുള്ള കോപത്തിൽ നിന്നു ഓടിപോകുവാനും ആയിരുന്നു.

അവരുടെ ആത്മാക്കൾക്കായിട്ടുള്ള അവസരങ്ങൾ നേടി എടുക്കുന്നതിനായിട്ട് എല്ലാവരും വളരെ ആത്മാർത്ഥമായിട്ട് അതിനായിട്ടു പരിശ്രമിക്കുകയും, മതപരമായ ലക്ഷ്യങ്ങൾക്കായിട്ടു അവരുടെതായ സ്വകാര്യ ഭവനങ്ങളിൽ കൂടിവരുകയും ചെയ്യുന്നത് വളരെ പതിവുള്ളതായിരുന്നു. അങ്ങനെയുള്ള കൂടിവരവുകൾ, എപ്പോഴാണോ അതിനുള്ള കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടിരുന്നത്, അപ്പോഴൊക്കെയും വളരെ ജനകൂട്ടങ്ങൾ കൂടിവന്ന് വളരെ തിക്കും തിരക്കും സംഭവിക്കുകയും ചെയ്തുവരുന്നു. അവിടെ ഒരു പട്ടണങ്ങളിലും ഒരു വ്യക്തിയേയും, പ്രായം ഉള്ളവനോ അല്ലെങ്കിൽ ചെറുപ്പക്കാരനെയോ കണ്ടില്ലായിരുന്നു. ഈ മഹത്തായ കാഴ്ചപ്പാടിനെ അവഗേളിച്ചുകൊണ്ടു പോകുന്നത്, അതായത് നിത്യത എന്നുള്ള മഹത്തായ കാര്യത്തെകുറിച്ച് ചിന്തയില്ലാത്തവരായിട്ട് ആരൊക്കെയാണോ സാധാരണയായിട്ടു വളരെ അനാവശ്യമായതും അതുപോലെ നഷ്ടപ്പെട്ടവരും, വളരെ വ്യക്തവും സജീവമായതും ആത്മീക കാര്യങ്ങളെ നിസ്സാരം ആയിട്ടു സംസാരിക്കുന്നവരും അതുപോലെ ദർശിച്ചിരുന്നവരും എല്ലാം, ഇപ്പോൾ പൊതുവായിട്ടു സംഭവിക്കപ്പെട്ട ഈ മഹത്തായ ഉണർവ്വുകളുടെ അനുഭവസ്ഥരായി തീർന്നു.

വളരെ ആശ്ചര്യകരമായ നിലയിൽ ആയിരുന്നു ഈ മാനസാന്തരത്തിന്റെ പ്രവർത്തനം പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നത്, അതുപോലെ തന്നേ അത് അധികം അധികം ആയിട്ടു വർദ്ധിച്ച് വരുകയും ചെയ്തിരുന്നു. ആട്ടിൻ കൂട്ടങ്ങളെ പോലെ യേശുക്രിസ്തുവിന്റെ അടുക്കലേയ്ക്കു ആത്മാക്കൾ കടന്നു വന്നിരുന്നു. ദിവസങ്ങൾ തോറും, ധാരാളം മാസങ്ങളിൽ പാപികളായിരുന്നവർ അന്ധകാരത്തിൽ നിന്നു അത്ഭുതകരമായ വെളിച്ചത്തിലേയ്ക്കു കടന്നു വന്നിരുന്നത് വളരെ ശക്തമായിട്ടുള്ള തെളിവുകളായിരുന്നു.

ഞങ്ങളുടെ പൊതു ആരാധനകളെല്ലാം അപ്പോൾ വളരെ മനോഹരമായിരുന്നു. ജനകൂട്ടങ്ങൾ എല്ലാം തന്നെ വളരെ സജീവവും സചേതനവും ആയിരുന്നു. എല്ലാ ദൈവീക ശുശ്രൂഷസമയങ്ങളിലും, എല്ലാവരും വളരെ ആത്മാർത്ഥതയുള്ളവരും ആരാധനയെ മാത്രം ലക്ഷ്യം ഇട്ടിരുന്നവരും ആയിരുന്നു, എല്ലാ കേൾവിക്കാരും ശുശ്രൂഷകൻ വചനശുശ്രൂഷയിൽ പ്രസംഗിക്കപ്പെട്ടിരുന്ന എല്ലാ വചനങ്ങളും പാനം ചെയ്യുവാൻ വളരെ ആവേശം ഉള്ളവരായിരുന്നു. ആരാധനയോഗങ്ങൾ പൊതുവിൽ സമയങ്ങൾ തോറും, വചനം പ്രസംഗിക്കപ്പെട്ടിരുന്നപ്പോഴൊക്കെയും ശ്രോതാക്കൾ വളരെ ആത്മ അന്തരീക്ഷത്തിൽ എത്തിച്ചേർന്നിട്ട് വികാര ഭരിതരായിട്ടു കരയുമായിരുന്നു. ചിലരൊക്കെയും വിങ്ങി കരഞ്ഞിരുന്നത് വലിയ ദുഃഖത്തോടെയും അതുപോലെ ഭാരത്തോടെയും ആയിരുന്നു, വേറെചിലർ ഭയങ്കര സന്തോഷത്തോടെയും, അതുപോലെ സ്നേഹത്തോടെയും ആയിരുന്നു, മറ്റ് വേറെ ചിലർ വളരെ ദയയോടും അതുപോലെ അവരുടെ അയൽ ഭവനങ്ങളിൽ ജീവിക്കുന്നവരെ കുറിച്ചുള്ള ഭയങ്കര ആത്മഭാരത്തോടും കൂടി ആയിരുന്നു.

ആ കാലഘട്ടങ്ങളിൽ ഞങ്ങളുടെ ഇടയിൽ രക്ഷിക്കപ്പെട്ട് ആദ്യം വന്നിരുന്നവരൊക്കെയും വളരെ ഉത്സാഹം ഉള്ളവരായിരുന്നു. അതുപോലെ പുതുക്കം പ്രാപിക്കുകയും വളരെ സജീവമായി തീരുകയും ചെയ്തിരുന്നു. അസാധാരണമായ ദൈവത്തിന്റെ ആത്മാവിനാൽ അവർ പ്രാപിച്ചിരുന്ന ആത്മീക പ്രചോദനങ്ങളാൽ.... വളരെ നേരത്തേ ആരൊക്കെയാണോ ധാരാളം ആയിട്ടു കഷ്ടപ്പെട്ടും ബുദ്ധുമുട്ടിയും പ്രവർത്തിച്ചിരുന്നത് അന്നത്തെ അവ

(ശേഷം 13-ാം പേജിൽ)

(12-ാംപേജിന്റെ തുടർച്ച)

ശരിയായ ഉണർവ്വുകളും അതുപോലെ ദൈവപ്രവൃത്തികളുടെ വഴികളും

രുടെ പ്രതിസന്ധിയുടെ കാലത്തിൽ, എല്ലാം ഇപ്പോൽ അവരുടെ സകല സംശയങ്ങളും ദൂരെപോകുകയും അവരെല്ലാവരും സംതൃപ്തിയേകുന്ന അനുഭവങ്ങളാലും അതുപോലെ അധികം അധികം വ്യക്തത പ്രാപിക്കുകയും ചെയ്തു. ദൈവസ്നേഹത്തിന്റെ അധിയായ പ്രവർത്തിയിൽ കൂടി.

ദൈവത്തിന്റെ ശാന്തവും ലളിതവും ആയ അത്ഭുത പ്രവർത്തി

എപ്പോഴൊക്കെയാണോ മനുഷ്യർ ചില ഭയങ്കര പ്രവൃത്തികളുടെ ഫലം കൈവരിക്കുമ്പോൾ, അവൻ അനേരം ബൃഹത്തായ യത്നങ്ങൾ ചെയ്യേണ്ടി വരുന്നു, അവന്റെ ആയുധങ്ങളായ കോടാലിയും, ചുറ്റികയും പ്രയോഗിക്കുകയും അതിന്റെ പ്രഹരത്തിന്റെ ശബ്ദം അന്തരീക്ഷത്തിൽ മുഴങ്ങി തിങ്ങി നിറഞ്ഞു നില്ക്കുകയും ചെയ്യുന്നതിനാൽ അതിൽ കൂടി തന്റെതായ ശക്തിയെയാണ് വെളിപ്പെടുത്തുന്നത്. അതുപോലെ അവന് പ്രതികൂലം ആയതിനെയെല്ലാം തകർത്തുകളയുകയും ചെയ്യുന്നു. അവന് ഒരിക്കലും വിയർപ്പും പൊടിയും അതുപോലെ ശബ്ദവും കൂടാതെ അത് സാദ്ധ്യമാകുന്നില്ല.

എന്നാൽ എപ്പോഴാണോ ദൈവം ചില ഭയങ്കരമായ പ്രവൃത്തികൾ ചെയ്യുന്നത്, അതൊക്കെയും സകല ഭൂമിയെയും സ്വർഗ്ഗത്തെയും അത്ഭുതപ്പെടുത്തുന്നു, അവൻ കല്പിക്കുന്നത് വളരെ ശാന്ത സ്വരത്തിലും,. നിശ്ചല അവസ്ഥയിലും, മന്ദമായ ശബ്ദത്തിലും അതുപോലെ ചില ബലഹീന ഉപകരണങ്ങളുമാണ്. പ്രവർത്തികൾക്കായിട്ടു പ്രയോഗിക്കുന്നതും അതു വ്യക്തമായിട്ട് പ്രവർത്തിക്കുകയും ചെയ്യുന്നു! മനുഷ്യർ വളരെ അധികം കഷ്ടപ്പെടുകയും വേദന അനുഭവിക്കുകയും ആണ്. എന്നാൽ അവരുടെ സകല കഷ്ടപാടുകളുടേയും അവസാനത്തിൽ വളരെ അല്പം മാത്രമേ അതിൽ നിന്നുള്ള സന്തോഷം അല്ലെങ്കിൽ ഫലം ലഭിക്കുന്നുള്ളൂ. എന്നാൽ ലോക സൃഷ്ടികർത്താവ് ആകട്ടെ, ശാന്തമായ അത്ഭുത ശക്തികൾ, നിശബ്ദവും എന്നാൽ പ്രതിരോധിക്കേണ്ടാത്തതു, യാതൊരു പരിധിയും ഇല്ലാത്ത അത്ഭുതങ്ങളെ പ്രവർത്തിക്കുന്ന അവിടുത്തെ സർവ്വശക്തിയാൽ ഒരു വാക്കിനാൽ സകലതും കരസ്ഥമാക്കുന്നു.

ശിശിരകാലത്തിന്റെ താളമേളങ്ങൾ നശിപ്പിക്കുന്നതിനു വേണ്ടിയും വസന്തകാലത്തിന്റെ പ്രശാന്തമായ പച്ചപ്പ് കൊണ്ടുവരുന്നതിനു വേണ്ടിയും, ദൈവം അവിടുത്തെ ദൂതൻന്മാരെ അയക്കുന്നില്ല. വളരെ കട്ടിയുള്ള മഞ്ഞ് കട്ടിയെ അതിനെ അരിഞ്ഞ് അതിനെ ചെറിയ മഞ്ഞുകഷണങ്ങൾ ആക്കുന്നതിനായിട്ടു അല്ലെങ്കിൽ പർവ്വത വശങ്ങളെ അപഹരിക്കുന്നതിന് മഞ്ഞുതുള്ളികളെ ശേഖരിക്കുകയും അല്ലെങ്കിൽ പുതിയതരം സസ്യലതാതികളെ ജീവിപ്പിച്ച് ശൂന്യമായ ഭൂമിയുടെ മുകൾ പരപ്പിനെ വളരെ മനോഹരം ആക്കുന്നതിനും മനോഹരങ്ങളായ വിവിധ വർണ്ണങ്ങളാൽ നിറഞ്ഞു തുളുമ്പി നില്ക്കുന്ന വിവിധ തരത്തിലുള്ള പൂക്കളുടെ സൗഗന്ധത്താൽ നിറയപ്പെടുന്നതു എല്ലാം അവിടുത്തെ കരകൗശലത്താലാണ്. അല്ല, തണുത്തുറച്ച അന്തരീക്ഷ വായുവിലേക്ക് അവന്റെ മൂക്കിൽ നിന്നുള്ള അവിടുത്തെ ചുണ്ടുകളിൽ നിന്നുള്ള ഒരു ശാന്തമായതു ഊഷ്മളതയുള്ളതുമായ ശ്വാസത്താൽ അങ്ങനെയുള്ള നിശ്ചലമായതു എന്നാൽ എതിർക്കുവാൻ സാധ്യമല്ലാത്ത ശക്തിയാൽ, പ്രവൃത്തി നടക്കുന്നു. മഞ്ഞ് കട്ടകൾ വിറയ്ക്കുന്നു. മഞ്ഞുതുള്ളികൾ അലിഞ്ഞുതുടങ്ങുയിരിക്കുന്നു. നദികൾ അതിന്റെ ഒഴുക്ക് ആരംഭിച്ചിരിക്കുന്നു. ഭൂമി അതിന്റെ ഉറക്കത്തിൽ നിന്നു ഉണർന്നെണീറ്റ് ഇരിക്കുന്നു. മലകളും താഴ്വരകളും എല്ലാം അതിന്റെ ശാന്തതയാൽ വളരെ ആസ്വാദനകരം ആക്കിയിരിക്കുന്നു, ഭൂമിയിലെ സൗഗന്ധത്തെ അതിന്റെ ചിറകുകളിലേന്തി അന്തരീക്ഷത്തെ നിറച്ചിരിക്കുന്നു, ഒരു പുതിയ ലോകത്തിന്റെ സൗന്ദര്യം നിശബ്ദതയിൽ ഉദിച്ച് ഉയർന്ന് മുമ്പേ ഉള്ളതിന്റെ നടുവിൽ ലയിച്ച് വരുന്നതുവരെ!

അങ്ങനെയുള്ളതാകുന്നു ദൈവത്തിന്റെ പ്രവർത്തനമാതൃകകൾ, അത് ആത്മീകമണ്ഡലങ്ങളിലും അതുപോലെ പ്രകൃതിയുടേതായ കാര്യത്തിലും ശാന്തവും, ലളിതവും മഹത്വകരവും അതുപോലെ എതിർക്കുവാൻ സാധ്യമല്ലാത്തതും! അങ്ങനെ ഉള്ളതുമായിരുന്നു നവോത്ഥാനം. അങ്ങനെയുള്ളതായിരുന്നു സ്കോട്ട്ലണ്ടിലെ ഉണർവ്വുകൾ. അങ്ങനെയുള്ളതായിരുന്നു കിർക്കോയുടെ സ്മരണീയമായ പെന്തെക്കോസ്തു പ്രവർത്തനങ്ങൾ. വിദ്യാഭ്യാസം ഒട്ടും കിട്ടിയിട്ടില്ലാത്തവനായ ഒരു ചെറുപ്പക്കാരന്റെ വാക്കുകൾ പേടിയുടെയും അതുപോലെ വിറച്ച് നിന്നിരുന്നവൻ അഞ്ഞൂറോളം ആത്മാക്കളെ രക്ഷയിലേക്കു കൊണ്ടുവന്നത്.

ഇങ്ങനെയുള്ളതായിരുന്നു അവർ പെന്തെക്കോസ്തു ദിവസങ്ങളിൽ പ്രർത്തിച്ചത്, അർദ്ധരാത്രിയിൽ, വളരെ ഏകാകിയായ സഭയിൽ സംഭവിക്കപ്പെട്ടതു, ജോൺ വെൽഷീന്റെ, പ്രാർത്ഥന മനുഷ്യന്റെ തകർക്കപ്പെട്ട ദീർഘ ശ്വാസങ്ങൾ സ്വർഗ്ഗത്തിലേയ്ക്കു ഉയർന്ന് പോയതു. അങ്ങനെയുള്ളതായിരുന്നു നോർത്താമ്പ്റ്റൺന്റെ പിന്നീടുള്ള ദിനങ്ങളിൽ, യോനാഥാൻ എഡ്വേർസ് കാത്തിരുന്നു പ്രാർത്ഥിച്ചത്. അവിടുത്തെ പൗരൻന്മാർക്കായിട്ടു എപ്പോഴാണോ ആ വിശുദ്ധ മനുഷ്യൻ പ്രാർത്ഥനയാൽ വളരെ അടുത്തത് അവിടെ പ്രവർത്തിക്കുവാൻ തുടങ്ങി ജീവനുള്ള ശക്തിയായിട്ട് ചില അത്ഭുതങ്ങൾ സംഭവിക്കുന്നതിനായിട്ട്.

രക്ഷിക്കുവാൻ കഴിയാതെ വണ്ണം കർത്താവിന്റെ കരങ്ങൾ കുറുങ്ങി പോകുകയോ അല്ലെങ്കിൽ അവിടുത്തെ ചെവികൾ കേൾക്കുവാൻ കഴിയാതെവണ്ണം മന്ദം ആകുകയോ ചെയ്തിട്ടുണ്ടോ?

❖